വേദപ്രചാര

മദ്ധ്യസ്ഥൻ



പുസ്തകം 6) 1934 ജനുവരി ലക്കം 7

Licence No. 183.

വിഷയവിവരണിക

——o——

1 മാർ യൌസേപ്പുപിതാവിന്റെ ജീവചരിത്രം
2 ജ. അ. സഖ്യം സ്ഥാപിക്കുന്നതിനു എന്തുചെയ്യണം
3 വെളിച്ചത്തിന്റെ രാത്രി
4 നമ്മുടെ ഇന്നത്തെ ആവശ്യം
5 വിശുദ്ധതാപ്രഖ്യാപനം
6 സഭാർത്ഥീയഗീത (കവിത)
7 സ്കൗട്ടുപ്രസ്ഥാനം
8 പുഷ്പമംഗലത്തെ കത്തികളി
9 ജ. അ. സ. ജനുവരിമാസത്തെ പ്രാർത്ഥനാനിയോഗങ്ങൾ
10 സുകൃതഭണ്ഡാരം
11 പുസ്തകാഭിപ്രായങ്ങൾ
12 കുറിപ്പുകൾ
13 ഉപകാരസ്മരണകൾ
14 ചരമവാർത്തകൾ
15 കത്തോലിക്കാര്യം
16 പരസ്യങ്ങൾ
17 പഞ്ചാംഗം

പുതിയ പുസ്തകം! പുതിയ പുസ്തകം!!

"തിരുരക്തവണക്കം."

ധ്യാനഗുരുവും ഗ്രന്ഥകാരനുമായ

ഫാദർ

മാത്യു ആലക്കളത്തിൽ

അവർകളാൽ വിരചിതം!

നമ്മുടെ രക്ഷയുടെ വിലയായ തിരുരക്തഭക്തി, പ്രത്യേകിച്ചും ഈ കഷ്ടാനുഭവ ജൂബിലിവത്സരത്തിൽ, വിശ്വാസികളിൽ ശ്രദ്ധമൂലമാക്കുന്നതിനും, ജ്ഞാനവായനക്കും ജൂലൈമാസ വണക്കത്തിനും ഉപയോഗിക്കുന്നതിനും ഏറ്റവും പ്രയോജനപ്പെടുന്ന ഒരു പുതിയപുസ്തകം. വില ചക്രം വ മാത്രം.

മദ്ധ്യസ്ഥൻ ആഫീസ്, ചങ്ങനാശേരി.

മദ്ധ്യസ്ഥൻ.

പുസ്തകം 6. 1934 ജനുവരി. ലക്കം 7.

മഹാത്മാവായ

മാർ യൗസേപ്പിന്റെ ജീവചരിത്രം.

അദ്ധ്യായം ഏവ.

നസ്രത്തിൽ താമസം.

ഫ. വഴിമദ്ധ്യേ. വി. യൗസേപ്പും പരിശുദ്ധ കന്യകയും ഓർശ്ലത്തിൽനിന്നും കാൽനടയ്ക്കു യാത്രതിരിച്ചു് നസ്രത്തിൽ മൂന്നാംദിവസം ചെന്നെത്തി. വഴിമദ്ധ്യേ അവർ ക്ഷീണാധിക്യത്താൽ പലപ്രാവശ്യം വൃക്ഷങ്ങളുടെ തണലിൽ വിശ്രമിച്ചുകൊണ്ടു ദൈവത്തിനു സ്തോത്ര ഗീതങ്ങളും പാടി. തന്റെ പരിശുദ്ധ മണവാട്ടിയുടെ പാട്ടുകേട്ടു് വി. യൗസേപ്പു് ആനന്ദപാരവശ്യത്തിൽ മുഴുകി ദൈവത്തിനു ഉപകാരസ്മരണചെയ്തു.

ബ. നസ്രത്തു്. അവർ നസ്രത്തിലെത്തിയപ്പോൾ, നേരം വൈകിപ്പോയതിനാൽ അത്താഴത്തിനുവേണ്ടതായ സാമാനങ്ങളും വാങ്ങിക്കുന്നതിനു് അവർക്കു സാധിച്ചില്ല. അതുകൊണ്ടു് ആരാത്രി പട്ടിണികിടന്നു. അനേകനാളത്തേക്കു പൂട്ടിക്കെട്ടിയിട്ടിരുന്നതന്റെ സ്വന്തം വീട്ടിൽ പരിശുദ്ധ മറിയം ഭർത്താവൊരുമിച്ചുപ്രവേശിച്ചു് ദൈവത്തിനു സ്തോത്രം ചെയ്തശേഷം അതു അടിച്ചുവെടിപ്പാക്കി. വീടിന്റെനടുഭാഗത്തു് രണ്ടു രഹസ്യമുറികളും മുൻഭാഗത്തു ഒരു പണിമുറിയും പിറകിൽ ഒരു കുശിനിമുറിയുമുണ്ടായിരുന്നു. രഹസ്യമുറികളിൽ ഒന്നു വിശുദ്ധയൗസേപ്പും മറേതു പരിശുദ്ധമറിയവും ഉപയോഗിച്ചു.

ഇപ്പോൾ സംഘം

സ്ഥാപിക്കുന്നതിന് എന്തു ചെയ്യണം ?

1 സംഘം സ്ഥാപിക്കുന്നതിന് ആദ്യമായി ജില്ലാധ്യക്ഷന്റെ അനുവാദം വാങ്ങുക. (ഇതിനുള്ള അപേക്ഷഫാറം ജില്ലാ ഡയറക്ടറിൽ നിന്നും കിട്ടുന്നതാണ്.)

2 അനന്തരം ജില്ലാഡയറക്ടറിൽനിന്നും സംഘം അംഗീകരിക്കപ്പെട്ട എന്നുള്ളതിനു ലക്ഷ്യമായി ഡിപ്ലോമാ (അധികാരപത്രം) വാങ്ങുക.

3 സംഘത്തിൽ ചേരുന്നവരുടെ പേരെഴുതുന്നതിനായി ഒരു രജിസ്റ്റർ ബുക്ക് ഉണ്ടാക്കുക.

(അംഗങ്ങളുടെ ലിസ്റ്റ് ജില്ലാഡയറക്ടർക്കയച്ചുകൊടുക്കണമെന്നില്ല. സംഘം സ്ഥാപിതമായിരിക്കുന്നിടത്തു് രജിസ്റ്ററിൽ അവരുടെ പേരുകൾ ചേർത്തിരുന്നാൽ മതിയാകും)

4 ഈ രജിസ്റ്ററിൽ അംഗങ്ങളെ സംബന്ധിച്ചു് താഴെപ്പറയുന്ന വിവരങ്ങളുണ്ടായിരിക്കുന്നതു് നന്നാണ്

a. വീട്ടുപേരും ഏരുട്ടപ്പേരും

b. വയസ്സു്

c. ചേർത്ത് ആണ്ടു മാസം തീയതി

d. സംഘത്തിന്റെ സ്ഥലത്തെ അദ്ധ്യക്ഷന്റെ (Local director) പേരും ഒപ്പും

5 സംഘാംഗങ്ങൾക്കു് സാക്ഷിപത്രം കൊടുക്കുക. (സാക്ഷിപത്രം ജില്ലാ ഡയറക്ടറിൽനിന്നോ "മദ്ധ്യസ്ഥൻ" ആഫീസിൽനിന്നോ കിട്ടുന്നതാണ്.)

6 സ്ത്രീപുരുഷന്മാരായ സംഘാംഗങ്ങളിൽ നിന്നും തീക്ഷ്ണതയും ത്യാഗശീലവുമുള്ള ഏതാനും പേരെ പ്രോത്സാഹകന്മാരായി (Promoters) നിശ്ചയിക്കുക.

7 ഓരോ പ്രോത്സാഹകനും പ്രോത്സാഹകന്മാക്കായുള്ള അധികാരപത്രം (Promoter's Deploma) കൊടുത്തു് കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു് അവരെ അധികാരപ്പെടുത്തുക.

8 പതിനഞ്ചംഗങ്ങളും വീതമുള്ള ഒന്നോ രണ്ടോ ഉപസംഘങ്ങളും ഒരു പ്രോത്സാഹകന്റെ മേലന്വേഷണത്തിലുണ്ടായിരിക്കാം.

9 സംഘനടത്തിപ്പിൽ തങ്ങളാൽ കഴിയുന്നത്ര സഹായങ്ങളും സംഘാധ്യക്ഷനു് പ്രോത്സാഹകന്മാർ ചെയ്തുകൊടുക്കുക.

ജ. അ. സ. ത്ര. ഡ.

ക. പ. ചങ്ങനാശേരി.

വെളിച്ചത്തിന്റെ രാത്രി

(ഫാദർ ജോസഫ് പറേടം)

അങ്ങിനെ, ചിരപ്രതീക്ഷിതമായ ആ സുദിനം,—രാജാക്കന്മാരും ദീർഘദർശികളും ഒരുകണ്ണു കാണാൻ കൊതിച്ചിട്ടും സാധിക്കാഞ്ഞ ആ മഹദ്ദിനം—കാലത്തിന്റെ പരിപൂർണ്ണതയിൽ സമാഗതമായി. ദൈവത്തിന്റെ അത്ഭുതകരമായ പരിവേക്ഷണത്താൽ, മറിയവും യൗസേപ്പും അവരുടെ പൂർവ്വപിതാവായ ദാവീദിന്റെ പട്ടണത്തിൽ ഒരു സായാഹ്നത്തിൽ ചെന്നെത്തി. ലോകരക്ഷകന്റെ പിറവിയാൽ ബെത്സ്ലഹം പ്രകീർത്തിതമാകുമെന്നുണ്ടായിരുന്ന പ്രവചനം നിറവേറുവാൻ പോകുന്നു. നാലുദിവസത്തിലധികം തുടരെ യാത്രചെയ്ത് ബെത്സ്ലഹമിലെത്തിയ യൗസേപ്പിനും മറിയത്തിനും വിശ്രമിക്കുന്നതിനു വല്ല ചെറുകുടിലെങ്കിലും കിട്ടിയാൽ മതിയെന്നായിരുന്നു അവരുടെ പ്രധാന ചിന്ത. രാത്രികാലത്തു പലേ വീടുകളുടെ വാതുക്കൽചെന്നു മുട്ടിവിളിച്ചു് കേണപേക്ഷിച്ചിട്ടും അവർക്കാരും സ്വാഗതമരുളിയില്ല. നേരത്തേ എത്തിയിരുന്ന അതിഥികളും പ്രായേണ എല്ലാ വീടുകളിലുമുണ്ടായിരുന്നു. പോരെങ്കിൽ പ്രസവം ആടുത്തിരുന്ന ഒരു സാധുസ്ത്രീയേ കയറ്റിക്കിടത്തുന്നതു് ഒരു 'സൊല്ല'യുമാണല്ലൊ. പക്ഷികൾക്കു കൂടും കുറുനരികൾക്കു ഗുഹകളും കൊടുത്തു് അവയേ പോറ്റുന്ന പ്രപഞ്ചത്തിന്റെ കർത്താവിനു തലചായിക്കാൻ സ്ഥലം സ്വജനങ്ങൾ കൊടുത്തില്ല!! ഒടുവിൽ, ആരോ പറഞ്ഞു് അവർകേട്ടു, പട്ടണത്തിനുവെളിക്കു ഒരു പാറക്കെട്ടിനുതാഴെ ആടിൻതൊഴുത്തായി ഉപയോഗിക്കപ്പെട്ടിരുന്ന ഒരു ഗുഹ ഒഴിഞ്ഞുകിടപ്പുണ്ടെന്നു്. പിതാക്കന്മാരുടെ ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ടു് തപ്പിത്തടഞ്ഞു് അവർ അതിൽ ചെന്നുകയറി. ഇതാണു് രാജാധിരാജന്റെ അരമനയായി സ്വർഗ്ഗീയപിതാവു തിരഞ്ഞെടുത്തതു്. സ്വജനങ്ങളാൽ പരിത്യക്തരെങ്കിലും സ്വർഗ്ഗീയസൈന്യം ആയിരക്കണക്കിനു് ഭക്തിവിനയപുരസ്സരം ആ കാലിക്കൂട്ടിൽ അവർക്കു 'ഗാർഡ്'നിന്നിരുന്നു. മനുഷ്യരൂപത്തിൽ നിന്നിരുന്ന ഈ ദൂതഗണത്തെ മറിയത്തിനും യൗസേപ്പിനും കാണാമായിരുന്നു. ദൈവദത്തമായ ഈ നവീനവസതിയെ സ്വകരങ്ങളാൽ വിമലകന്യക ശുചിയാക്കി. അല്പംകൂടി കഴിഞ്ഞാൽ ഗർഭസ്ഥിതനായ രാജകുമാരൻ അതിൽ അവതീർണ്ണനാകുമെന്നു് അവരറിഞ്ഞിരിയാം. പിന്നീടു, കൈവശമുണ്ടായിരുന്ന വിനീതഭക്ഷണം കൃതജ്ഞതാഭരിതമായ ഹൃദയത്തോടുകൂടി അവർ കഴിച്ചു. ഭക്ഷണാനന്തരം മനുഷ്യാവതാര പരമരഹസ്യത്തേക്കുറിച്ചുള്ള സംഭാഷണത്തിൽ അവർ ഏർപ്പെട്ടിരിക്കയിരു തന്റെ

പ്രസവസമയം അത്യാസന്നമായെന്നു പരിശുദ്ധകന്യകയ്ക്കു മനസ്സിലായി. അല്പം ഉറങ്ങി യാത്രാക്ലേശം തീർക്കണമെന്നു തന്റെ പ്രാണനാഥനോടു് അവൾ അപേക്ഷിച്ചു. ആർദ്രചിത്തനായ യൌസേപ്പുപിതാവു്, ദീർഘയാത്രകൊണ്ടു ക്ഷീണിച്ചവശയായ തന്റെ പ്രേമഭാജനത്തിനു കിടക്കാൻ വൈയ്ക്കോലും മറ്റുംകൊണ്ടു് ഉപായത്തിൽ ഒരു ഉപധാനം ഉണ്ടാക്കി പുൽക്കൂട്ടിൽ ഇട്ടുകൊടുത്തുകൊണ്ടു് ഒരു കോണിലേക്കു മാറിനിന്നു് പ്രാർത്ഥിക്കാൻ തുടങ്ങി. സ്നേഹപാരവശ്യത്തിൽ ലയിച്ചു നിശ്ചേഷ്ടനായി നിന്നു് അദ്ദേഹം പ്രാർത്ഥിക്കയിൽ, ദൈവകുമാരന്റെ മനുഷ്യാവതാരത്തെ സംബന്ധിച്ച പല പരമരഹസ്യങ്ങളും ദൈവം അദ്ദേഹത്തിനു വെളിപ്പെടുത്തി. തത്സമയംതന്നെ പരിശുദ്ധകന്യകയുടെ ആത്മാവിലേക്കും അനന്തങ്ങളായ ദൈവവരങ്ങളും അനുഗ്രഹവാരിധിയായ ദൈവത്തിൽനിന്നു പ്രവഹിച്ചുകൊണ്ടിരുന്നു. സൃഷ്ടിയ്ക്കും സൃഷ്ടാവിനും മദ്ധ്യേ ഉള്ള യവനിക അല്പനേരത്തേക്കു അനാശ്ചാദനം ചെയ്യപ്പെട്ടു. അവളുടെ ആത്മാവു ദൈവപ്രതാപത്തെ അഭിമുഖമായി ദർശിച്ചു. ദൈവദൂതപ്രമുഖന്മാർക്കുപോലും അജ്ഞാതങ്ങളും അഗ്രാഹ്യങ്ങളുമായ പല ദൈവരഹസ്യങ്ങളും അവൾ ഗ്രഹിച്ചു. ശുദ്ധാത്മയുടെ ശുദ്ധസ്ഥലമായ അവളുടെ കന്യകോദരത്തിൽ മറഞ്ഞിരുന്ന നീതിസൂര്യൻ ഉദയം ചെയ്‌വാൻ പോകുന്ന സദ്വാർത്ത അത്യന്തരൻ അവളേ അറിയിച്ചു. ഈ നിലയിൽ മണിക്കൂറൊന്നു കഴിഞ്ഞതു് ഒരു സെക്കൻഡു് പോലുമേ അവൾക്കു തോന്നിയൊള്ളു. ദൈവകുമാരൻ ഒൻപതുമാസം അധിവസിച്ചിരുന്ന കൊട്ടാരത്തിൽനിന്നു്, ലോകപരിത്രാണാർത്ഥം പുറത്തിറങ്ങാറായല്ലോ എന്നുള്ള സന്തോഷാതിരേകത്താൽ വികസിതമായ മറിയത്തിന്റെ നിർമ്മലമുഖം സൂര്യനേപ്പോലെ ശോഭിച്ചു. സ്നേഹവികാരപരമ്പരകളാൽ പ്രചലിതമായിരുന്ന ഹൃദയവേദിയിന്മേൽ കരങ്ങളും ചേർത്തും, നയനങ്ങളും സ്വർഗ്ഗത്തേക്കുയർത്തിയും ഒരു വിഗ്രഹമെന്നപോലെ നിശ്ചേഷ്ടയായി അവൾ മുട്ടിന്മേൽ നിലകൊണ്ടു. അപ്പോഴിതാ, സൂര്യകിരണങ്ങളും സ്ഫടികത്തിലൂടെ എന്നതുപോലെ ദൈവജനനിയുടെ കന്യാത്വത്തിനു ഭംഗം വരുത്താതെ നിത്യപിതാവിന്റെ ഏകജാതനും, മറിയത്തിന്റെ പുത്രനും, ലോകപരിത്രാണകനും, സത്യദൈവവും, സത്യമനുഷ്യനുമായ ഈശോമിശിഹാ ഒരു മഹാലയത്തിൽ തിരു അവതാരം ചെയ്തു. മനുഷ്യത്വത്തിൽ അവിടെ സന്നിഹിതരായിരുന്ന വി. മിഖായേലും ഗൌരിയേലും ദിവ്യശിശുവിനെ മാതാവിന്റെ തൃക്കരങ്ങളിൽ അർപ്പിച്ചു. പാരത്രിക ചിന്തകളിൽ ലയിച്ചു സ്നേഹാനന്ദത്തിൽ ആറാടിക്കൊണ്ടിരുന്ന വി. യൌസേപ്പിനു പ്രജ്ഞ ഉണ്ടായപ്പോൾ, തന്റെ വധുവിന്റെ കരങ്ങളിൽ സൂസ്മേരവദനനായി സമാശ്വസിക്കുന്ന ഉണ്ണികുമാരനെ കണ്ടു് വി

സ്മയഭരിതനായി. അണപൊട്ടിയ നീരുപോലെ അദ്ദേഹം പാഞ്ഞടുത്തു് ആ കനകക്കട്ടെയുടെ തുപ്പാടം ചുംബിച്ചു് അനുഗ്രഹീതനായി. ഭൂമിയിൽ നന്മനസ്സുള്ള മനുഷ്യർക്കു സമാധാനം ആശംസിച്ചുകൊണ്ടും അത്യുന്നതനായ ദൈവത്തിനു സ്തോത്രം പാടിക്കൊണ്ടും വാനാരൂപികളുടെ കൂട്ടം അവതരിച്ച രക്ഷകനു് തുഷ്ടി ചെയ്കയും ചെയ്തു.

"നീതിമാന്മാർക്കു് അന്ധകാരത്തിൽ ഒരു ജ്യോതിസ് ഉദയം ചെയ്തു." ലോകസൃഷ്ടിയുടെ 5199-ംവർഷം ഡിസംബർ 25-ംനു- ഒരു തൊയാഴ്ച ദിവസം അർദ്ധരാത്രിയാണത്രെ ഈ ലോകൈക മഹാസംഭവം നടന്നതു്.

നമ്മുടെ ഇന്നത്തെ ആവശ്യം.

(റവ. ഫാദർ തോമസ് കൊച്ചുപുരക്കാനാൽ)

സഹോദരസ്നേഹം, സ്വദേശാഭിമാനം, സാഹോദര്യം, സഹകരണം എന്ന ശബ്ദങ്ങളുടെ മാറ്റൊലി പണ്ടെങ്ങും കേൾക്കപ്പെട്ടിട്ടില്ലാത്തവിധം ഭാരതമാകെ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഭാരതനിവാസികളും ഏവരുടെയും ഏകീകൃതസഹകരണവും സംയുക്തപരിശ്രമവും ആവശ്യപ്പെടുന്ന ഈ ഘട്ടത്തിലും അവരുടെ ആ പഴയ ജാതീയചിന്തകളും വർഗ്ഗീയമാത്സര്യങ്ങളും സാമുദായികതാത്പര്യങ്ങളും പണ്ടെപ്പോലെ അവയുടെ നഗ്നരൂപത്തോടെ പ്രകാശിച്ചുകാണുന്നു. ലോകവിഭാഗങ്ങളെല്ലാം സംസ്കാരത്തിലും ഐശ്വര്യത്തിലും അടിക്കടി അഭിവൃദ്ധി പ്രാപിക്കുന്നതു് കണ്ടുകൊണ്ടിരിക്കുന്ന നമുക്കു് നമ്മുടെ മാതൃഭൂമിയുടെ അധോഗതി ഇനിയും മനോവേദനയോടെ കാണുകയല്ലാതെ നിവൃത്തിയില്ല. ഇൻഡ്യാ പണ്ടെങ്ങാണ്ടു് വിവിധ കലകളിലും നാനാശാസ്ത്രങ്ങളിലും ഇതരരാജ്യങ്ങളുടെ മാർഗ്ദർശനീപദം അലങ്കരിച്ചിരുന്നുവെന്നുള്ള പുരാണം നമ്മുടെ സാന്ത്വനത്തിനായി വേണമെങ്കിൽ നമുക്കു ഉരുവിട്ടുകയും ചെയ്യാം. ഭാരതത്തിന്റെ ഐശ്വര്യത്തെ അതിയായി കാംക്ഷിക്കുന്ന പലമഹാന്മാരും ഇന്നുണ്ടു്. പലരും യഥാമതി പരിശ്രമിക്കയും ചെയ്യുന്നുണ്ടു്. ഗാന്ധിജി മുതലായവരുടെ നേതൃത്വത്തിൽ വലിയ സംരംഭങ്ങളെല്ലാം ഇപ്പോഴും നടന്നുകൊണ്ടിരിക്കയും ചെയ്യുന്നുണ്ടല്ലൊ. അവയ്ക്കു ഇനിയും ഒരു ശുഭപരിണാമം ഉദിച്ചുകാണുന്നില്ല. മാത്രമല്ല; അദ്ദേഹത്തിന്റെ ഇപ്പോഴത്തെ നയവ്യതിയാനത്തോടെ

കോൺഗ്രസാദർശങ്ങളെല്ലാം തകർന്നുപോയെന്നു രാഷ്ട്രീയ മർമ്മജ്ഞന്മാർ പ്രഘോഷിക്കയും ചെയ്യുന്നു. ത്യാഗംകൊണ്ടും സ്ഥൈര്യംകൊണ്ടും പഴയ വയെ എല്ലാം അതിശയിക്കുന്ന ആധുനികസംരംഭവും പരാജയം അടയുന്ന പക്ഷം ആസന്നഭാവിയിൽ വേറൊരു ശോഭനമാർഗ്ഗം എപ്പോഴുദിക്കുമെന്നു് ആർക്കറിയാം. ത്യാഗവീരനായ ഗാന്ധിജിയുടെ ദേശീയപരിശ്രമങ്ങളും അഭിനന്ദനീയങ്ങളാണെന്നിരുന്നാലും വേദപുരാണേതിഹാസങ്ങളിൽ വിശ്വസിച്ചുകൊണ്ടും ഹൈന്ദവനീതിശാസ്ത്രങ്ങളെ മുറുകെപ്പിടിച്ചുകൊണ്ടും സ്വാസമുദായോന്നമനത്തെ ലക്ഷ്യമാക്കി ജാതിത്തൊട്ടു തകർക്കയും ഭാരതീയരെല്ലാവരുടേയും സഹകരണം സമ്പാദിക്കയും രാജ്യൈശ്വര്യം വരുത്തുകയും ചെയ്യാമെന്നുള്ള ശോഭന എന്തുത്തോളം ഫലിക്കുമെന്നു കണ്ടുതന്നെ അറിയേണ്ടതാണു്. ഇന്ദനെയുള്ള ആരങ്കകളെ ടുഡീകരിക്കുന്നതിനുവേണ്ട നിമിത്തങ്ങളും നമ്മുടെ ഇടയിൽത്തന്നെ ഇല്ലാതെയുമിരിക്കുന്നില്ല.

അനുഗൃഹീതരാജ്യമെന്ന അപരനാമം അർഹിക്കുന്ന നമ്മുടെ തിരുവിതാംകൂർ രാജ്യത്തുതന്നെ ഏകയോഗക്ഷേമം പുലർത്തുന്ന ഏതെങ്കിലുമൊരു പൊതുവായ താൽപര്യത്തിനുവേണ്ടി ഏഴെട്ടുമാസമായി വല്ലവരും അവരുടെ ബുദ്ധിയൊ ശക്തിയൊ വിനിയോഗിച്ചിട്ടുണ്ടോ എന്നു പരിശോധിച്ചുനോക്കുക. അനുഭവസ്ഥന്മാരെ അതിവർണ്ണനകൊണ്ടു മുഷിപ്പിക്കുന്നില്ല. തൊഴിലില്ലായ്മ, ധനമില്ലായ്മ, എന്നു എത്രയോ വലിയ പൊതുക്കാര്യങ്ങളും ഏവരുടേയും വിശേഷശ്രദ്ധയെ അർഹിക്കുന്നവയായുണ്ടു്. എന്നാൽ പത്രങ്ങളെല്ലാം സമുദായവാദംകൊണ്ടു നിറയുന്നു. പ്രതിസംഘങ്ങളെല്ലാം ജാതീയചിന്തകളെ ഉത്തേജിപ്പിക്കുന്നു. ശക്തിയെല്ലാം വർഗ്ഗീയവിചാരത്തിനുവേണ്ടി വിനിയോഗിക്കുന്നു. ഇതോസംഭവങ്ങളുംതന്നെ ശേഷമുള്ള നാടു--ൽ പരം നാട്ടുരാജ്യങ്ങളിലും ബ്രിട്ടീഷ് പ്രവിശ്യകളിലും ഏറക്കുറെ ആവർത്തിച്ചുകൊണ്ടിരിക്കയുംചെയ്യുന്നു. ഈ നയം ഉൽകൃഷ്ടത്തിനുപകരം അപകൃഷ്ടമല്ലയൊ വരുത്തിവയ്ക്കുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഉരുവിടുന്ന ഏകീകരണം, സഹകരണം എന്ന ഭംഗിവാക്കുകളും വായുവിൽ ലയിക്കുമാത്രം ചെയ്യാതിരിക്കുന്നതെങ്ങനെ? നിദാനം ഏടിസ്ഥമാക്കാത്തവൈദ്യരുടെ ചികിത്സാവിധികൾ അപകടത്തിലല്ലാതെ കലാശിക്കുമോ? നമ്മുടെ മാതൃഭൂമിയേക്കാൾ അന്ധതയിലും അനാചാരത്തിലും ആണ്ടുകിടന്നിരുന്ന യൂറോപ്പിന്റെ പുരോഗതിക്കും ഇൻഡ്യായുടെ അധോഗതിക്കും മൂലകാരണമായിട്ടുവിച്ച ഏതോരു അന്തർഹിതശക്തിയുണ്ടായിരിക്കണം. അതാകുന്നു നിദാനം. അതു് ഏതെന്നു് ഉടനടികണ്ടുപിടിച്ചു വേണ്ട നടപടിആരംഭിക്കാതെ നിയമനിഷേധം നടത്തിയാലും ലാത്തിപ്രയോഗമേറ്റാലും കാരാവാസംഅനുഭവിച്ചാലും നിരാഹാര

വ്രതം അനുഷ്ഠിച്ചാലും ഫലമെല്ലാം പഴയതുതന്നെ. ഈ നിദാനം നിക്ഷിപ്തമായിരിക്കുന്നതു് ക്രിസ്തുവിൽ ആണെന്നു വലിയ വലിയ പിന്തകന്മാർ പറയുന്നു.

ക്രിസ്തു, ലോകം കണ്ടിട്ടുള്ളവരിൽ നല്ലവനും വലിയവനും ആയിരുന്നു. അതേ അദ്ദേഹം ഉത്തമനും സത്തമനും ആയിരുന്നു. അദ്ദേഹം വാക്കുകൊണ്ടുപഠിപ്പിച്ചുതിനെ പ്രവൃത്തികൊണ്ടു ദൃഢപ്പെടുത്തി. അതുരണ്ടും ചെയ്തുകൊണ്ടു് ദീനദയാലുത്വം വെളിവാക്കി. സമഭാവനപ്രദർശിപ്പിച്ചുകൊണ്ടു് സമത്വംഉപദേശിച്ചു. ദരിദ്രവേഷം അണിഞ്ഞുകൊണ്ടു് ദാരിദ്ര്യത്തിന്റെ പ്രയോജനംപഠിപ്പിച്ചു. വചനത്തിലും പ്രവൃത്തിയിലും പരിശുദ്ധത പ്രകാശിപ്പിച്ചുകൊണ്ടു് പാരിത്രൃത്തിന്റെ മനോജ്ഞതപ്രസംഗിച്ചു. ക്ലേശവും ദുഃഖവും സഹിച്ചുകൊണ്ടു് ക്ഷമയുടെ മാഹാത്മ്യം ധരിപ്പിച്ചു. ശത്രുക്കൾക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ടു സാഹോദര്യം സ്പഷ്ടമാക്കി. സർവ്വോപരി സ്വപ്രാണനെ വെടിഞ്ഞുകൊണ്ടു് ലോകസേവനത്തിനു ഉത്തമമാതൃകയും നല്കി. ഇപ്രകാരം പൊതുജനഹിതകാംക്ഷികൾക്കും സമുദായോൽക്കർഷേച്ഛുക്കൾക്കും സാധുജനസംരക്ഷകന്മാർക്കും എന്നുവേണ്ട എല്ലാവർക്കും സുസമ്മതനായി സർവ്വലക്ഷണസംയുക്തനായി ഒരു മാതൃകയുണ്ടെങ്കിൽഅതു ക്രിസ്തുമാത്രമാണു്. എന്നിൽഎന്തെങ്കിലും ഒരു കുറ്റം ആരോപിക്കുന്നതിനു് ആർക്കുകഴിയുമെന്നു ശത്രുക്കളോടു ചോദിക്കത്തക്കമനോധൈര്യവും ആത്മവിശ്വാസവും അദ്ദേഹത്തിനല്ലാതെ മറ്റാർക്കും സിദ്ധിച്ചു കണ്ടിട്ടില്ല. അദ്ദേഹമായിരുന്നു ലോകം പ്രതീക്ഷിച്ചിരുന്ന അവതാരപുരുഷൻ. ആകയാൽ അദ്ദേഹം ദൈവവുമായിരുന്നു. തദനുരൂപമായ ലക്ഷണം അദ്ദേഹം വാക്കിലും പ്രവൃത്തിയിലും പ്രദർശിപ്പിക്കയുംചെയ്തു. അദ്ദേഹം ന്യൂനതാരഹിതൻ മാത്രമല്ല അനന്യനായിരുന്നതു്; പിന്നെയോ സത്വഗുണസമ്പൂർണ്ണനുംകൂടെ ആയിരുന്നു. അദ്ദേഹം തന്റെ കർത്തവ്യാനുഷ്ഠാനത്തിലോ പരന്മാരോടു വേണ്ടകൃത്യനിർവ്വഹണത്തിലോ അല്പമെങ്കിലും ഭംഗം വരുത്തിയതായി ഒരു അവസരം മുണ്ടിക്കാണിക്കാൻ ഉറ്റ പരിശ്രമം നടത്തിയിട്ടും ശത്രുക്കൾക്കുപോലും സാധിച്ചില്ല. ഇതു് അദ്ദേഹത്തിന്റെ ന്യൂനതാരാഹിത്യത്തെ തെളിയിക്കുന്നു. ഗുരുജനങ്ങളോടു് ആദരവും പൂജനങ്ങളോടു ബഹുമാനവും ദരിദ്രന്മാരോടു ഔദാര്യവും ദീനന്മാരോടു അനുകമ്പയും എല്ലാവരോടും അവരവർ അർഹിക്കുന്ന നയവിശേഷവും അദ്ദേഹത്തിന്റെ സാത്വികതയെ വിളിച്ചറിയിക്കുന്നു. എല്ലാറ്റിലും ഉപരിയായി ഇതരാപേക്ഷയെന്നിയെ ഉപകരണസഹായംകൂടാതെ രോഗികൾക്കു സ്വാസ്ഥതയും അന്ധന്മാർക്കു ദർശനവും ബധിരന്മാർക്കു ശ്രവണവും പരേതർക്കു ജീവനും പ്രദാനം ചെയ്യുകയും പ്രകൃതിശക്തികളെ യഥേഷ്ടം നിയന്ത്രിക്ക

യും മനുഷ്യവിചാരങ്ങളെ ഗ്രഹിക്കയും ഭവിഷ്യദ്വാദം ചെയ്യുകയും ചെയ്യുവരിൽനിന്നു അദ്ദേഹത്തിന്റെ ദൈവത്വവും പ്രകാശിക്കുന്നു.

ലോകം ഇനിയും ക്രിസ്തുവിനെ അറിഞ്ഞിട്ടില്ല. അറിഞ്ഞ ഏതാനും പേരും അദ്ദേഹത്തിന്റെ യഥാർത്ഥരൂപം വേണ്ടപോലെ ഗ്രഹിച്ചിട്ടില്ല. ആകയാൽ കൂടുതൽകൂടുതലായി അദ്ദേഹത്തെ അറിയുന്നതിനും അറിയിക്കുന്നതിനുംശ്രമിക്കേണ്ടതാണു് നമ്മുടെ ഇന്നത്തെ ആവശ്യം. രാജ്യങ്ങളും തമ്മിലും സമുദായങ്ങളും തമ്മിലും എന്നല്ല സ്വസഹോദരന്മാർ തമ്മിൽപോലും അസൂയയും മത്സരവും വർദ്ധിച്ചു് ഇന്നു സമാധാനമില്ലാതെ വന്നിരിക്കയാണു്. ഇപ്പോൾ എല്ലാരാജ്യങ്ങളിലുള്ളവരും ലോകജീവിതം ഒരു ഭാരമായി ഗണിക്കുന്നുവെങ്കിൽ അതു് അവശ്യം വേണ്ടതായ പരസ്പരവിശ്വാസവും സ്നേഹബന്ധവും ക്ഷയിച്ചിരിക്കുന്നതുമൂലമാണു്. ഇതിനൊരു പ്രതിവിധിയായിട്ടാണു് ക്രിസ്തുവിനെ അറിയേണ്ടതു്. ക്രിസ്തുവിനെ ശരിയാംവണ്ണം അറിയുമ്പോൾ ക്രിസ്തുവിന്റെ പ്രബോധനങ്ങളിലേക്കു ആകൃഷ്ടരാകപ്പെടാതിരിപ്പാൻ തരമില്ല. അവ എല്ലാവരുടേയും ബുദ്ധിയെ സമാധാനപ്പെടുത്തി മനസ്സിനെ സംതൃപ്തിപ്പെടുത്തി വ്യക്തികളെ ശുദ്ധീകരിച്ചു് സമുദായത്തെ സംസ്കരിക്കുന്നതിനു പര്യാപ്തങ്ങളാണു്. അവയെ ലോകം സ്വീകരിച്ചുകഴിയുമ്പോൾ മതമാത്സര്യാദികൾക്കു ശമനവും ശാന്തഭാവാദിസദ്ഗുണങ്ങൾക്കു വർദ്ധനവും ഉണ്ടാകും. പ്രസ്തുതഗുണങ്ങളുള്ളാതെ ഇന്നു ഇൻഡ്യയിൽ വർദ്ധിച്ചു വരായിരിക്കുന്ന സാമുദായികമാത്സര്യങ്ങളേയും വിദ്വേഷചിന്തകളെയും ശമിപ്പിച്ചു് സമാധാനം സംസ്ഥാപിച്ചു്, ഐശ്വര്യം വരുത്തുവാൻ വേറൊരു മാർഗ്ഗമില്ല. ആകയാൽ രാഷ്ട്രീയനേതാക്കന്മാരും സമുദായപ്രമാണികളും ഏവരും എല്ലാവരും ക്രിസ്തുവിനെക്കുറിച്ചു കൂടുതൽ കൂടുതലായി പഠിക്കയും പഠിപ്പിക്കയും ചെയ്യുന്നതിനു യത്നിക്കട്ടെ.

—:(*):—

വിശുദ്ധനാപ്രത്യാഗമനം.

(എൽ. ജെ. ചിറ്റൂർ)

കത്തോലിക്കസഭയുടെ ലക്ഷണങ്ങളിൽഒന്നു് വിശുദ്ധതയാണു്. അതു് വിശുദ്ധിതന്നെയായ ക്രിസ്തുവിനാൽ സംസ്ഥാപിതമാണു്. അതിന്റെ തത്വങ്ങളും, വിശ്വാസസത്യങ്ങളും, വിശുദ്ധങ്ങളാണു്. വിശുദ്ധിസമ്പാദിക്കുന്നതിനുള്ള ഉപകരണങ്ങളും സഭയ്ക്കു് സ്ഥാപകൻ നൽകിയിട്ടുണ്ടു്. അവയുടെ ഉപയോഗംമൂലം അധർമ്മങ്ങളോടും അക്രമങ്ങളോടും പോരാടി പ്രലോഭനങ്ങളിൽ വിജയംനേടി വിശുദ്ധരാകുന്ന അംഗങ്ങളും അനവധി.

മറ്റുസമുദായങ്ങളിലെന്നപോലെ കത്തോലിക്കാസഭയിലും വീരചരിതരെ ആദരിച്ചുപുരുഷന്മാരായി പ്രഖ്യാപനംചെയ്യാറുണ്ട്. എന്നാൽ ഈ വിശുദ്ധാത്മാപ്രഖ്യാപനത്തിനുള്ള അവകാശവും അധികാരവും എക്കാലത്തും സഭ സ്വകീയമായി സൂക്ഷിക്കുന്നു. ഒരാൾ യഥാർത്ഥത്തിൽ പ്രസ്തുത ബഹുമാനത്തിനർഹനാണോഎന്ന് സഭ വിവേകപൂർവം പരിശോധിക്കുന്നു. ജനതാമദ്ധ്യത്തിൽ ആരാധ്യപുരുഷന്മാരായിത്തീരുന്നവരിൽ ചിലർ യഥാർത്ഥത്തിൽ ആ സ്ഥാനത്തെ അർഹിച്ചില്ലെന്നുവരാം. പക്ഷേ,വേണ്ടയോഗ്യതയില്ലാത്തവർ വിശുദ്ധഗണത്തിൽ ചേർക്കപ്പെടുകയെന്നത് കത്തോലിക്കാസഭയിൽ ഒരിക്കലും ഉണ്ടാവുകയില്ല. ഒരാളിന്റെ ജീവിതവിശുദ്ധിയേപ്പറ്റി മാനുഷികമായതെളിവുകൾ ശേഖരിച്ചതുകൊണ്ടു സഭ തൃപ്തിപ്പെടുന്നില്ല. സ്വർഗ്ഗികമായതെളിവുകളും ആവശ്യമാണ്. പ്രകൃതീതങ്ങളായ സംഭവങ്ങൾ ആ ആളിന്റെ മദ്ധ്യസ്ഥതയാൽ ഉണ്ടാകണം. സർവശക്തനായദൈവംതന്നെ യോഗ്യതയെ സഭയ്ക്കുകാണിച്ചുകൊടുക്കണം. എങ്കിൽമാത്രമെ സഭയുടെ ദൃശ്യതലവനായ മാപ്പാപ്പാതിരുമനസ്സുകൊണ്ടു പരിശുദ്ധാത്മപ്രചോദനയാൽ നിയുക്തനായി അപ്രമാദിത്വവരത്തോടെ ആ ആളിനെ വിശുദ്ധഗണത്തിൽ ചേർക്കുകയുള്ളൂ.

വിശുദ്ധരെ വന്ദിക്കുകയും അവരുടെ വീരകൃത്യങ്ങളെ പ്രശംസിക്കുകയും അവരെ അനുകരിക്കുകയും അത്യന്താപേക്ഷിതമായ മദ്ധ്യസ്ഥത സ്വീകരിക്കയും ചെയ്യുന്നതുപോലെ പുതുമയായൊന്നല്ല. 'മഹാന്മാരെ നമുക്ക് പ്രശംസിക്കാം' എന്ന് എക്ലീസിയാസ്റ്റസ് എന്ന പഴയനിയമപുസ്തകത്തിൽ എഴുതിയിരിക്കുന്നു. അതിലെ നാല്പത്തിനാലാം അദ്ധ്യായംമുഴുവൻ പൂർവപിതാക്കന്മാരുടേയും പ്രവാചകരുടേയും കീർത്തനങ്ങൾകൊണ്ടു നിറഞ്ഞിരിക്കുന്നു. അപ്പസ്തോലനടപടികളിലും വി. സ്റ്റീഫനേപ്പറ്റി പറഞ്ഞിരിക്കുന്നതുനോക്കുക.

സഭയുടെ ആദ്യ ശതാബ്ദങ്ങളിലെ വിശുദ്ധന്മാരിൽ അധികവും രക്തസാക്ഷികളായിരുന്നു. ക്രിസ്ത്യാനികൾ രക്തസാക്ഷികളുടെ ശവകുടീരങ്ങളിലും മരണസ്ഥലങ്ങളിലും അടിത്താരകൾ പണിതിരുന്നു. അവരുടെ സ്മരണയ്ക്കായി ദിവ്യബലിസമർപ്പിച്ചിരുന്നു. പൂജാസമയത്തു് അവരുടെ മദ്ധ്യസ്ഥത അപേക്ഷിച്ചിരുന്നു. എന്നാൽ മരണംപ്രാപിച്ചയാൾ യഥാർത്ഥത്തിൽ രക്തസാക്ഷിയായിരുന്നൊന്ന് നിശ്ചയിക്കുന്നതിനുള്ള അധികാരം സ്ഥലത്തെ മെത്രാനുള്ളതായിരുന്നു. വിശ്വാസത്തിനുവേണ്ടി ജീവൻത്യജിച്ചതാണൊന്നും ബഹുമാനാർഹനാണെന്നും മെത്രാൻ പരിശോധിച്ചു പ്രഖ്യാപനംചെയ്തതിനുശേഷമെ മുൻപറഞ്ഞ വിശുദ്ധപദവിലഭിച്ചിരുന്നൊള്ളൂ.

മെത്രാന്റെ അധികാരത്തെ തെളിയിക്കുന്ന ലിഖിതങ്ങളും ഇന്നും കാണാനുണ്ട്. ആറ്റിയൻവഴിക്കരികിലുള്ള 'കലിസ്സ്' എന്ന അന്തർദ്ദേശീയ ദേവാലയത്തിൽ മാറ്റ്പ്പാപ്പാമാരുടെ കണക്കിടങ്ങളുണ്ട്. ആക്കൂട്ടത്തിൽ 240 മുതൽ 253 വരെ പാപ്പായായിരുന്ന ഫാബിയാനോസിന്റെ കണക്കിടവും കാണാം. അതിന്മേൽ 'രക്തസാക്ഷി, ഫാബിയാനോസ്, മെത്രാൻ' എന്ന മൂന്നുപദങ്ങളും എഴുതിയിരിക്കുന്നു. ഇതിൽ ആദ്യത്തെപദം 'രക്തസാക്ഷി' മറ്റുരണ്ടുപദങ്ങളിൽനിന്നും വ്യത്യസ്തമായരീതിയിലാണ് എഴുതിയിരിക്കുന്നത്. ഒടുവിലത്തെ രണ്ടുവാക്കുകളെഴുതിയആളല്ല ആദ്യത്തെവാക്കെഴുതിയതെന്ന് ക്ഷണം മനസ്സിലാക്കാം. ഈവിധപുരാണിക ശിലാരേഖകളെപ്പറ്റി പ്രാവീണ്യം സിദ്ധിച്ച 'ദെറോസ്സി' എന്ന മഹാൻ രണ്ടും രണ്ടുകാലത്തെഴുതിയതാണെന്ന് സ്ഥാപിക്കുന്നു. ശവസംസ്ക്കാരം കഴിഞ്ഞപ്പോൾ 'ഫാബിയാനോസുമെത്രാൻ' എന്ന മാത്രം രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ രക്തസാക്ഷിത്വം പരിശോധനയിൽ തെളിഞ്ഞുകഴിഞ്ഞപ്പോൾ 'രക്തസാക്ഷി' എന്നുകൂടി ചേർത്തുഎന്നാണ് അനുമാനം.

വി. ഒപ്പാത്തൂസ് വേറൊരുദാഹരണം കാണിക്കുന്നുണ്ട്. കാത്തേജിൽ ലുച്ചീല്ല എന്നപേരുള്ള ഒരു സ്ത്രീ ഒരാളിന്റെ 'ശേഷിപ്പുകളെ' ചുംബിച്ചു. അയാൾ രക്തസാക്ഷിയോ അല്ലയോ എന്നു സ്ഥലത്തെ മെത്രാൻ പരിശോധന കഴിച്ചില്ലായിരുന്നു. അക്കാരണത്താൽ മേല്പറഞ്ഞ സ്ത്രീ വൈദികശിക്ഷയ്ക്കധീനയാകേണ്ടിവന്നു.

വി. അഗസ്തീനോസിന്റെ കാലത്തെ നടപ്പിനെപ്പറ്റി അദ്ദേഹം പ്രതിപാദിക്കുന്നുണ്ട്. മരണം നടന്നസ്ഥലത്തെ മെത്രാൻ പരിശോധന നടത്തി രേഖകൾ എല്ലാം മെത്രാപ്പോലീത്തായുടെ അടുക്കൽ അയക്കുന്നു. മെത്രാപ്പോലീത്ത, ആ പ്രോവിൻസിലുള്ള മറ്റു മെത്രാന്മാരുടെയും അഭിപ്രായമറിഞ്ഞശേഷം വിശുദ്ധപ്രഖ്യാപനം ചെയ്യുന്നു. ഇതും ഇന്നത്തെ ക്രമവുമായി സാമ്യമുണ്ട്. ഇന്നും സ്ഥലത്തെ മെത്രാൻ വേണ്ട പരിശോധനകൾ നടത്തുന്നു. അനന്തരം രൂപതിരുകൾ മാറ്റ്പ്പാപ്പായുടെ അടുക്കൽ അയയ്ക്കുന്നു. മാറ്റ്പ്പാപ്പായാകട്ടെ കർദ്ദിനാളന്മാരുടെ അഭിപ്രായം അറിഞ്ഞശേഷം വിധിപ്രസ്താവിക്കുന്നു.

പത്താം ശതാബ്ദത്തിലാണ് വിശുദ്ധസംജ്ഞ നൽകുന്ന അധികാരം മാറ്റ്പ്പാപ്പാമാർ സ്വകീയമാക്കിയത്. ആദ്യത്തെ പ്രഖ്യാപനം നടത്തിയതു പതിനഞ്ചാം യോഹന്നാൻ മാറ്റ്പ്പാപ്പായാണ്. പിന്നീടിംഗ്ലണ്ടിലെ രാജാക്കന്മാരുടെ അപേക്ഷകളിൽവച്ചു മെത്രാന്മാർ ഈ അധികാരം പ്രയോഗിച്ചിട്ടുണ്ട്. പക്ഷേ അലക്സാണ്ടർ മൂന്നാമനാണ് അതുകഴിഞ്ഞു ക്രമത്തിൽ ഇന്നസന്റ് മൂന്നാമനും ഈ അധികാരം പത്രോസിന്റെ പിൻഗാമി

സപ്തീയ ഗീതം

ശ്രീമാൻ മുട്ടത്തു വക്കി.

(കേക)

മംഗളപ്പൊൽക്കരങ്ങടംതുകിത്തുകിയാ രവി
ഭങ്ഗിയിൽജഗത്തിനുഭ്രഷണമണിയവേ
പാരിടംവിട്ടകന്നുപാഞ്ഞുപോയ്പരിഭ്രാന്ത
ക്രൂരരുട്ടായിട്ടമാനുശംസ്യയതിദ്രുതം.

പൂവ്വടിങ്നതാംഗിയോ പൂരിച്ചമോദത്തൊടും
പൂവൽമെയ്പ്രഭയോടുംപുഞ്ചിരിപൂണ്ടിടുന്നു.

ശാന്തസുന്ദരമായഗാനമാലപിച്ചുഭ്ര-
കാന്തനേയഥോചിതംവാഴ്ത്തുന്നുഖഗങ്ങളും
മാരുതചലനത്താൽമണ്ഡിതംപയോജാദി-
താരുകംസുരഭിലംശോഭനം വിലസുന്നു 1

ഭൂവിനുതൊട്ടുകിയായിട്ടും''ഗിലീലി''യിൽ
ഭൂതിയേറിട്ടുന്നൊരാപ്പട്ടണം''നസ്രത്ത്''തിൽ

ചാരുവാമൊരാലയംതന്നിലായലംകൃതം,
ആരോമൽതയ്യലൊരുബാലികമരുവുന്നു.
റോസപ്പൂംദളംകേഴ്വാചവടിതാണകുപ്പു-
മാസൃത്തിൽദിവ്യമായഭാസ്സുതാൻവിളങ്ങുന്നു

ക്ക മാത്രമുള്ളതാണെന്നു കല്പിക്കയും മറ്റു മെത്രാന്മാരുടെ പ്രഖ്യാപനങ്ങളെ നിരോധിക്കയുംചെയ്തു.

അഞ്ചാമത്തെ സിക്സ്ടസ് മാപ്പ്വാപ്പാ റീത്തുകളുടെ തിരുസംഘം സ്ഥാപിക്കയും പരിശോധനാധികാരം ആ തിരുസംഘത്തിനു നൽകുകയും ചെയ്തു. അതുകഴിഞ്ഞു് ഓരോ മാപ്പ്വാപ്പാമാർ ചില പ്രത്യേകനിയമങ്ങളും പാസ്സാക്കിയെങ്കിലും ഏറ്റവും പ്രധാനമായതു് ബനഡിക്ടു് പതിനാലാമന്റെ നിയമസഞ്ചയമാണു്. അതിനെ അടിസ്ഥാനപ്പെടുത്തിയാണു് പിന്നീടു് കാനൻനിയമസംഹിതയുണ്ടാക്കിയപ്പോൾ വിശുദ്ധാത്മപ്രഖ്യാപനത്തെ സംബന്ധിച്ചവ ശരിപ്പെടുത്തിയിരിക്കുന്നതു്.

വെണ്മയേറിടും വസ്ത്രമാഭരണം ചെയ്തീടുമാ-
നിർമ്മലഗാത്രനിന്നു മുട്ടിന്മേൽ ഭക്തിപൂർവം
മുമ്പിലായ് വിരിച്ചോരാ വേദപുസ്തകപ്പൂന്തേ-
നിമ്പമായ് നുകരുന്ന നയന മിളിന്നങ്ങടം;

ബാഹ്യലോകത്തിലുള്ളോരാനന്ദകോലാഹല-
ബാഹുല്യംതടിന്തിയ ഗോചരമാകുന്നീല;
ലൌകികമല്ലതൻറെലാക്ഷകം പരിപൂതം,
ലോകേശസന്നിധിയിൽ നിത്യവുമറിയിപ്പൂ;

ചെന്തളിർകരങ്ങളേ കൂപ്പിയമന്ദവേലം
സുന്ദരതരമായ തൂമന്ദസ്മിതത്തൊട്ടം
വാനിലേക്കുയരുന്ന ദൃഷ്ടികൾ മനോജ്ഞം ഹാ!
ഞാനിതാകൈതൊഴുന്നേൻ മേരിയേ! വിശേഷശരീ! 2

പെട്ടന്നസ്ഥലമെല്ലാം വെള്ളിപൂശിയപോലെ
സ്പഷ്ടമായൊരു ശോഭ തിളങ്ങിച്ചുഴലവും

എന്തൊരത്ഭുതമിതു! വാർത്തിങ്കളുദിച്ചെന്നോ!
ഹന്ത! കാണുക ദിവ്യരൂപവും മനോഹരം
ബാലവെൺമതിപോലെ വിളങ്ങും തനുപ്രഭ,
ചേലെഴും ശുഭ്രവസ്ത്രമെന്തയുമനുപമം,

തങ്കവർണ്ണമാം ചിറകുയുഗ്മവും, കുളിർസ്മിതം
തങ്കിടുമോമൽ പൊടിമേനിയുമന്യാദൃശം.
സാദരംദാവീദിൻറെ ഗോത്രജകുമാരിതൻ
പാദപങ്കജം നമിച്ചോതിവാനവൻ മുതാ.

"സ്വസ്തിതേ! ജഗത്രയദീപമായിട്ടം മേരീ!
സ്വസ്തിതേ! പുണ്യമലർ ശോഭിക്കും പൂവാടിയേ!
സ്വസ്തിതേ! മഹീതലമാഹാത്മ്യപ്രഭാതമേ!
സ്വസ്തിതേ! നരക്കെന്നും കാരുണ്യവാരാശിയേ!

സ്വസ്തിതേ! വരജലമൊഴുകുമരുവിയേ!
സ്വസ്തിതേ! യനർഘമാം മാനിനീ മുടിപ്പൂൺപേ!
സ്വസ്തിതേ! യഖിലേശ പ്രേമസംഭാജനമേ!
അസ്തുതേ ഭൂമിനിത്യം നിർമ്മലേ നിസ്തുല്യയേ!"

മങ്ഗളകരമായ വാർത്തഞാനരയ്ക്കുന്നു,
അംഗനമൂടിമുത്തേ കേട്ടുകൊണ്ടാലും മേരീ.
ശാശ്വതം നിന്നിലേറ്റം സന്തുഷ്ടനായിട്ടന്നൊ-
രീശ്വരൻ നിന്നിലദ്യ വന്നുവാണിട്ടുന്നിതാ" 3

ഇത്തരം "ഗബ്രിയേൽ" തൻ ഭക്തിയാന്നൊരുനുതി-
യുത്തമഗ്രഹണനിധി ശ്രുത്വാ വിസ്മയംപൂണ്ടാൾ,
സത്വരം സുരവരൻ വ്യക്തമായ്തുടർന്നോതി
സത്യരൂപനാമീശൻ തന്നുടെ വാർത്തയേവം

"നിർഭയംവസിക്കൂ, നീ, മേരിയേ! നിരാകുലം
ഗർഭിണിയായിട്ടൊരു കുട്ടിയേ പ്രസവിക്കും
ഈശ്വരകുമാരനാമീ ശിശുവിന്നു നീയും
"ഈശോ"യെന്നുള്ള തിരുനാമത്തെ നൽകീടണം.

തിന്മയായിട്ടന്നൊരാവന്തമസ് നശിച്ചുപോം
തന്മഹാഭയിൽലോകം കാന്തിപൂരിതമാകും
ആദത്തിൻപാപവിഷമേറ്റൊരീവരാകിയാം
മേദിനിക്കുതൻ പുനർമോദത്തെയരുളീടും

ലോകേശൻ തന്നേറയോമൽപുത്രനിലതിപ്രിയൻ
ലോകം മൂന്നിലുമവനേറ്റമുന്നതനല്ലോ
ദാവീദിൻ രമണീയകാഞ്ചന സിംഹാസനം
പാവനരൂപൻ തനിക്കായിട്ടു നൽകീടുമെ

യാക്കോബിൻ മഹനീയ കീർത്തിയേറിടും വംശം
ഈക്ഷമാരനേറ്റവും ശ്രീയോടെ പുലർത്തിടും
തന്നുടെ വിശിഷ്ടമാം സാമ്രാജ്യം സീമാതീതം
എന്നുമേ വർദ്ധിച്ചിടുമന്തരമേശിടാതെ" 4

(തുടരും)

സ്കൗട്ട് പ്രസ്ഥാനം.

A. R. L, ജോസഫ് കുട്ടമ്മേൽ, ചങ്ങനാശേരി.

I

സ്കൗട്ട പ്രസ്ഥാനത്തിനു മലയാളക്കരയിൽ പ്രവേശം നന്നാ താമസിച്ചുമാത്രം ലഭിച്ചതുകൊണ്ടോ, എന്തോ, ഈ പ്രസ്ഥാനത്തെ ശരി യായി നിർദ്ദേശിക്കത്തക്ക ഒരു തർജ്ജമ മലയാളത്തിൽ ഇല്ലെന്നുവേണം പറയുവാൻ. സ്കൗട്ട മൂവ്മെൻറിൻെറ മുദ്രാവാക്യത്തെ ആസ്പദമാക്കി "സന്നദ്ധസൈന്യം" എന്നും കൃത്യമാഹാത്മ്യത്തെ അധികരിച്ച് "ധർമ്മഭട സംഘം" എന്നും മറ്റും മലയാളീകരിച്ചുവരുന്നതു് അത്ര ശരിയാണെന്നു എനിക്കു പക്ഷമില്ല.

സർവ്വജാതിമതസ്ഥരാലും ഏകാഭിപ്രായത്തോടു സ്വീകരിച്ചിട്ടു ള്ള വല്ലപ്രസ്ഥാനവും ഇന്നു ലോകത്തിലുണ്ടെങ്കിൽ, അതു സ്കൗട്ട പ്രസ്ഥാ നമൊന്നുമാത്രമാണെന്നു പറയുന്നതിൽ പക്ഷാന്തരമില്ല. ഈ സദ്പ്രസ്ഥാ നത്തിനു ലഭിച്ചിരിക്കുന്ന സർവ്വവ്യാപകത്വംതന്നെ ഇതിൻെറ മാഹാത്മ്യ ത്തെ ഉച്ചൈസ്സ്വരം ഉൽഘോഷിക്കുന്നുണ്ടല്ലൊ. നാളത്തെ പൗരന്മാരാക വാനുള്ള കുഞ്ഞുങ്ങളെ പൗരധർമ്മം പഠിപ്പിക്കുന്ന ഒരഭ്യസന കളരിയാ ണു് സ്കൗട്ടപ്രസ്ഥാനം. ഈശ്വരഭക്തി, രാജഭക്തി, രാജ്യഭക്തി, ദീനാനു കമ്പ, ധീരോദാത്തത, സഹനശക്തി, സമാഗ്രനിഷ്ഠ, പരോപകാരതല്പര ത എന്നീ മഹാഗുണങ്ങളും, ആലോചനശക്തി, അവലോകനശക്തി, കാ യികശക്തി എന്നീ ശക്തികളും അവരിൽ ഉല്പാദിപ്പിച്ചു്, അവയ്ക്കു പ്രായോ ഗികാവസരങ്ങളും ചുണ്ടിക്കാണിച്ചു്, പൗരധർമ്മം പഠിപ്പിക്കുകയും പരി ശീലിപ്പിക്കുകയും ചെയ്യുകയത്രെ ഈ വിശിഷ്ടപ്രസ്ഥാനത്തിൻെറ പരമോ ദ്ദേശ്യം. ഇവകൂടാതെ, ഉൽകൃഷ്ടതരമായ മറ്റു ചില കൃത്യങ്ങളുംകൂടി ഈ പ്രസ്ഥാനം നിർവ്വഹിക്കുന്നുണ്ടു്. ധീരകൃത്യങ്ങളും ചെയ്ത കൃതാർത്ഥരാകുവാ നുള്ള ആസക്തി കുട്ടികളിൽ സഹജമാണല്ലൊ. സ്കൗട്ട പ്രസ്ഥാനം ഈ ആ സക്തിയെ ഉത്തേജിപ്പിച്ചു്, അതിനെ നിയന്ത്രിതപന്ഥാക്കളിലൂടെ പരി പുഷ്ടിപ്പെടുത്തി അവരെവീരന്മാരായ പൗരന്മാരാക്കിത്തീർക്കുന്നു. ഇതിനുംപു റമെകുട്ടികളെസ്വാശ്രയബുദ്ധികളാക്കുന്നതിനു് കരപരിശീലനവും സ്കൗട്ട പ്ര സ്ഥാനംഅഭ്യസിപ്പിക്കുന്നു. കരപരിശീലനം കൂടാതെ സ്കൗട്ട പ്രസ്ഥാനവു മില്ല. ദേശാടനംചെയ്യേണ്ടവരായസ്കൗട്ടസംഘാംഗങ്ങൾ,ഏതു പരിതസ്ഥി തികളിലും, സ്വാശ്രയബുദ്ധികളായിവർത്തിക്കേണ്ടവരാണു്. യാത്രയ്ക്കുവേണ്ട

സാമാനങ്ങളും കെട്ടി ഭാണ്ഡമാക്കുക, ഉടുപ്പു തൈച്ചുനന്നാക്കുക, തന്റെ കത്തി ഉപയോഗിച്ചു് താല്ക്കാലികസാമഗ്രികളും സമ്പാദിക്കുക എന്നിവയെല്ലാം കരപരിശീലനം അനുപേക്ഷണീയമാണു്. സ്വകരങ്ങളാൽ കുടിലുകളും ഉണ്ടാക്കുവാനും ആഹാരസാധനങ്ങളും ശേഖരിച്ചു് പാകം ചെയ്വാനും നടന്നുസഞ്ചരിച്ചു നാടറിയുവാനും മറ്റും ഈവിധ പരിശീലനംകൂടാതെ സാധിക്കുന്നതല്ലല്ലൊ. അതിനാൽ, സ്കൗട്ടുപ്രസ്ഥാനത്തിൽ കരപരിശീലനത്തിനു് ഒരു പ്രധാനസ്ഥാനമാണുള്ളതു്.

ആധുനികവിദ്യാഭ്യാസത്തിലോകത്തുനിന്നു് മതബോധം, സന്മാർഗ്ഗനിഷ്ഠ, സ്വാശ്രയബുദ്ധി, കായികശക്തി എന്നിവയെല്ലാം അഭിവേണ തിരോധാനംചെയ്യുവരുന്ന ഇത്തരുണത്തിൽ, തത്തൽസ്ഥാനങ്ങളിൽ അവയെ പുനർജ്ജീവിപ്പിക്കുവാൻ സ്കൗട്ടുപ്രസ്ഥാനംപോലെ പര്യാപ്തമായ മറൊരു മാർഗ്ഗമില്ലതെ. അതിനാൽ, ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയുടെ ദോഷവശങ്ങളെ പരിഹരിപ്പാൻ പറ്റിയ ഒരു മാർഗ്ഗമായും അഭിജ്ഞന്മാർ ഇതിനെ ആദരിച്ചുവരുന്നു. മനുഷ്യനെ കേവലം, പരാശ്രയബുദ്ധികളും, ദുരഭിമാനികളും, തന്നിമിത്തം അവ്യാവൃതരുമാക്കിത്തീർക്കുന്ന ആധുനികവിദ്യാഭ്യാസപദ്ധതിയിൽ സ്കൗട്ടുപ്രസ്ഥാനത്തിനു് അതർഹിക്കുന്ന ഒരു സ്ഥാനം കല്പിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നു.

ഇത്ര ഗൗരവതരമായ സ്കൗട്ടുപരിശീലനത്തിന്റെ സുഗമതയ്ക്കുവേണ്ടി, പരിശീലനപരിപാടിയിൽ വിനോദങ്ങൾക്കു് ഒരു പ്രധാനസ്ഥാനം നൽകിയിട്ടുണ്ടു്. വിനോദത്തുപോണ ഗൗരവതരങ്ങളായ കാര്യങ്ങളും അഭ്യസിപ്പിക്കുകയെന്നതാണു് സ്കൗട്ടുപ്രസ്ഥാനത്തിന്റെ ഒരു വൈശിഷ്ട്യം. ഇങ്ങനെ ഗൗരവതരവും വിനോദപരവുമായ രണ്ടുവശങ്ങളിലൂടെയാണു് സ്കൗട്ടുസംഘം പരിശീലിപ്പിക്കപ്പെടുന്നതു്.

ലോകത്തിന്റെ ശ്രദ്ധയെ ഇത്രകണ്ടാകർഷിക്കുന്ന ഈ മഹാപ്രസ്ഥാനത്തിന്റെ ജനയിതാവു് ലോർഡു് ബേഡൻ പൗവ്വൽ (Lord Baden Powell) എന്ന ധാരയാണു്. സ്കൗട്ടുപ്രസ്ഥാനത്തിന്റെ ഉത്ഭവത്തെക്കുറിച്ചു് അറിയണമെങ്കിൽ സ്കൗട്ടുപ്രധാനിയായ ബേഡൻ പൗവ്വലിന്റെ ബാല്യകാലത്തെക്കുറിച്ചും അല്പം ചിലതെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ടു്.

പൗവ്വൽ ധാര ബാല്യാൽപ്രഭൃതിസദാ ഉന്മേഷഭരിതനായിരുന്നു. സ്വസഹോദരന്മാരോടൊന്നിച്ചു് സ്വന്തം ബോട്ടിൽ ദേശാടനം ചെയ്യുക, പക്ഷികളെയും മൃഗങ്ങളെയും കണ്ടു് അവയുടെ ജീവിതരീതി പഠിക്കുക എന്നിവയായിരുന്നു തന്നിക്കു പ്രിയതരമായിരുന്ന വിനോദങ്ങളും. ദേശാടനവേളകളിൽ, ബോട്ടു നന്നാക്കുന്നതിനും, കൂടിൽ നിർമ്മിക്കുന്നതിനും, ഭ

ക്ഷണം പാകം ചെയ്യുന്നതിനും, നക്ഷത്രങ്ങളും നോക്കി ദിക്കുകൾ നിർണ്ണയിക്കുന്നതിനും, എന്നു വേണ്ട, ഏതു പരിതസ്ഥിതികളിലും പരാശ്രയം കൂടാതെ സുഖമായി ജീവിക്കുന്നതിനു തന്നെയും അദ്ദേഹം അഭ്യസിച്ചു. ഈ ട്രൂപരിശീലനം തന്റെ സ്നേഹിതന്മാർക്കും ലഭിച്ചിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന് അദ്ദേഹം പലപ്പോഴും ചിന്തിക്കാറുണ്ടായിരുന്നു. ഭാവിസ്കൗട്ടുപ്രസ്ഥാനത്തിന്റെ അടിസ്ഥാനവും ഒരു പക്ഷെ ഇതു തന്നെ ആയിരുന്നിരിക്കാം.

1893-ൽ അദ്ദേഹം ഇൻഡ്യയിലെ ഒരു സൈനികോദ്യോഗസ്ഥനായി നിയമിക്കപ്പെട്ടു. എന്നാൽ അന്നു തന്റെ സൈന്യവിഭാഗത്തിനു ലഭിച്ചിരുന്ന പരിശീലനം അദ്ദേഹത്തിനു തെല്ലും ആശാവഹമായിത്തോന്നിയില്ല. ടെന്മാർ കഴിവുള്ളിടത്തോളം സ്വാശ്രയ ബുദ്ധികളായി വർത്തിക്കേണ്ടതു കൃത്യനിർവഹണത്തിന്റെ സുഗമതയ്ക്ക് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹത്തിനു തോന്നി. അതിനാൽ ബോഡൻ പൗവ്വൽ തനിക്കു ലഭിച്ചിരുന്ന പരിശീലനരീതിയിൽ അവരെയും അഭ്യസിപ്പിച്ചു. തദ്ഫലമായി തന്റെ സൈന്യവിഭാഗം പൂർവ്വോപരി കാര്യക്ഷമതയോടെ പ്രവർത്തിക്കുന്നതായി അദ്ദേഹത്തിനു ബോധ്യപ്പെട്ടു.

Boer (ബൂവർ) യുദ്ധകാലത്താണ് തന്റെ നൂതന പരിശീലന പദ്ധതിയുടെ ആവശ്യകത അപരിത്യാജ്യമായി അദ്ദേഹത്തിനു തോന്നിയതു്. സമരവേളകളിൽ ദൗത്യം വഹിക്കുന്നതിനും മുറിവേൽക്കുന്ന ടെന്മാരെ എടുത്തുകൊണ്ടുപോയി ശുശ്രൂഷിക്കുന്നതിനും മറ്റുമായി അദ്ദേഹം ഏതാനും കൂട്ടികളെ പരിശീലിപ്പിച്ചെടുത്തു. ഈ കൂട്ടികൾ തന്റെ പ്രതീക്ഷയിൽ കവിഞ്ഞ സേവനം ചെയ്യുന്നതു കണ്ടപ്പോൾ, തന്റെ നൂതന പദ്ധതിയിൽ അദ്ദേഹത്തിനു പൂർവ്വോപരി ഉത്തമവിശ്വാസം ഉളവായി.

ബൂവർയുദ്ധാനന്തരം, ഗൗരവതരമായ ഇതരജോലികൾക്കായി പൗവ്വൽധ്വര ആഫ്രിക്കയിൽതന്നെനിയുക്തനായി. ഗൗരവമേറിയ തന്റെ കൃത്യനിർവ്വഹണത്തിനു് അനുപദമാക്കു ശിയായ പരിശീലനം നൽകേണ്ടതു് ആവശ്യമായിരുന്നതിനാൽ അവിടെ തന്റെ നൂതനപരിശീലന പദ്ധതി പ്രായോഗികമാക്കുന്നതിനു് തന്നേർച്ചയാക്കി. സഹചരന്മാരെ അദ്ദേഹം ഉപസംഘങ്ങളായി വിഭജിച്ചു. ഓരോ ഉപസംഘത്തിനും ഓരോ നായകനെയും നിയോഗിച്ചു. സംഘാംഗങ്ങൾക്കെല്ലാം ഏകദേശം ഇന്നത്തെ രീതിയിലുള്ള സ്കൗട്ടവേഷവും നൽകി; നിത്യവും ഒരു നിശ്ചിതസമയത്തു അവരെ അഭ്യസിപ്പിച്ചുവന്നു. അല്പകാലത്തിനുള്ളിൽ തന്റെ പരിശീലനപദ്ധതിയുടെ ഫലം അവിടെയും അദ്ദേഹത്തിനു് അനുഭവവേദ്യമായി.

ഇങ്ങനെ ദീർഘനാളായി തന്നിൽ കുടികൊണ്ടിരുന്ന ആ വിശിഷ്ട പരിശീലനപദ്ധതി പലെടത്തും പ്രയോഗിച്ചുനോക്കിയതിൽ ഫലപ്രദമെന്നു ബോദ്ധ്യമായതിനാൽ അതിനെ ഒരു നവീനപ്രസ്ഥാനമായി ലോകസമക്ഷം അവതരിപ്പിക്കണമെന്ന് അദ്ദേഹം തീർച്ചയാക്കി. യുദ്ധകാലത്തും മറ്റും ഇതുകണ്ട് പ്രയോഗപ്രദമായിത്തീർന്ന പരിശീലനപദ്ധതിയിൽ ചില പരിഷ്ക്കാരങ്ങളും വരുത്തിയാൽ അതു സമാധാനകാലത്തും തുല്യഗുണം ചെയ്യുമെന്നും, കുട്ടികളെ ഈ പദ്ധതിയിലൂടെ പരിശീലിപ്പിച്ചാൽ ഭാവിയിൽ അവർ ഉത്തമപൗരന്മാരായിത്തീരുമെന്നും അദ്ദേഹം അനുഭവംകൊണ്ടറിഞ്ഞിരുന്നു. അതിനാൽ പ്രസ്തുത പ്രസ്ഥാനം പ്രായോഗികമാക്കുവാനുള്ള മാർഗ്ഗങ്ങളും അദ്ദേഹം ആരാഞ്ഞുതുടങ്ങി.

ഉദ്യോഗത്തിൽ നിന്നു വിരമിച്ചശേഷം, തന്റെ നൂതന പരിശീലനപ്രസ്ഥാനം പ്രായോഗികമാകുമോ എന്നു പരീക്ഷിച്ചുനോക്കുവാൻ തന്നെ അദ്ദേഹം തീർച്ചയാക്കി. അതിനായി അദ്ദേഹം ഏതാനും കുട്ടികളോടൊന്നിച്ച്, "ബ്രൗൺസി" (Brownsea) ദ്വീപിലേക്ക് യാത്രതിരിച്ചു. കുട്ടികളും വിവിധജാതീയരും മതസ്ഥരുമായിരുന്നു എന്നതു പ്രത്യേകം സ്മരണീയമാണ്. അവിടെ അദ്ദേഹം തന്റെ പരീക്ഷണസ്കൗട്ടുപാളയം (Experimental Scout Camp) സ്ഥാപിച്ചു. കുട്ടികളെ നാലുപസംഘങ്ങളായി (സ്കൗട്ടുഭാഷയിൽ Patrols-പാട്രോൾസ്) വിഭജിച്ചു. ഓരോയോഗ്യന്റെയും ഉപദേശങ്ങൾകൊണ്ടും മാതൃകകൾകൊണ്ടും മാർഗ്ഗണയും അദ്ദേഹം അവരെ അഭ്യസിപ്പിച്ചു. ചുരുങ്ങിയ കാലത്തിനിടയിൽ പരിശീലനപദ്ധതിയുടെ സമഗ്രമായ ബോധനം അവർക്കു നൽകുവാൻ സാധിച്ചില്ലെങ്കിലും ഈ നവീനപ്രസ്ഥാനത്തിൽ കുട്ടികൾ സവിശേഷം ആകൃഷ്ടരാണെന്ന് അദ്ദേഹത്തിനു അനുഭവബോധ്യമായി. സ്കൗട്ടുപ്രസ്ഥാനം എവിടെ പ്രയോഗിച്ചാലും ഉദ്ദിഷ്ടഫലസിദ്ധി നിസ്സംശയമാണെന്ന് തന്റെ പരീക്ഷണസ്കൗട്ടുപാളയത്തിൽ നിന്ന് അദ്ദേഹം തീർച്ചയാക്കുകയും ചെയ്തു. അന്നുമുതൽ, അദ്ദേഹം സ്കൗട്ടുപ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരണത്തിനു വേണ്ടി അവിശ്രമപരിശ്രമം ചെയ്തുതുടങ്ങി. തദർത്ഥം, സ്കൗട്ടുപ്രസ്ഥാനത്തിന്റെ നാനാവശങ്ങളെ അധികരിച്ച് പ്രത്യേകം പ്രത്യേകം ഗ്രന്ഥങ്ങളും രചിച്ച് പ്രസിദ്ധപ്പെടുത്തി. ഇതുമായപ്പോൾ മുൻപേ തന്നെ പൗവ്വൽ ധാരയുടെ നൂതന പരിശീലനക്രമത്തെ സസൂക്ഷ്മം വീക്ഷിച്ചുകൊണ്ടിരുന്ന ലോകത്തിന്റെ ശ്രദ്ധ സവിശേഷം ഉത്തേജിക്കപ്പെട്ടു. ഇങ്ങനെ, ഗർഭസ്ഥമായിരുന്ന സ്കൗട്ടുപ്രസ്ഥാനം ക്രമേണ ലോകാവതാരം ചെയ്തു. രണ്ടുകൊല്ലങ്ങൾകൊണ്ട് ഈ പ്രസ്ഥാനത്തിനു 1,4000 അംഗങ്ങൾ ഉണ്ടായി. സ്കൗട്ടുപ്രസ്ഥാനത്തെയും പരി

പുഷ്പമംഗലത്തെ കുത്തികളി.

(റവ. ജോൺ കിഴക്കേത്തയ്യിൽ എസ്സ്. ജെ.)

പുഷ്പമംഗലത്തെ വലിയ മൂപ്പിന്നു തന്റെ മരണപത്രികപ്രകാരം സ്വത്തുമുഴുവൻ അഞ്ചുമക്കൾക്കും പഞ്ചായത്തുകൂടി ഭാഗംചെയ്തതിന്റെ ഫലമായി 'വയറുകഴുകിപ്പിള്ള' യായ കുഞ്ഞൊമ്മിക്കു, തറവാട്ടുപുരയിടവും അതിനോടടുത്ത പതിനഞ്ചേക്കർ സ്ഥലവും സ്വന്തമായി കിട്ടി. വലിയ കാന്നോരുടെ മരണാനന്തരം അഞ്ചുമക്കളുംചേർന്നു ചാവടിയന്തിരവും, പുലകുളിയുംമറ്റും കേമമായി നടത്തിയശേഷം മരണപത്രികപ്പടി ഭാഗമെല്ലാം ശരിയായി തിട്ടപ്പെടുത്തി പുഷ്പമംഗലത്തെ കൊച്ചുകാന്നോരായി കുഞ്ഞൊമ്മിയെ വാഴിക്കയും ചെയ്തു. കുഞ്ഞൊമ്മി തന്റെ കാന്നോപ്പാട്ട് ഒരടിയന്തിരമായി ഘോഷിക്കുവാൻ, രണ്ടാം ഫാറത്തിൽ പറിച്ചു മൂന്നുകൊല്ലം തൊപ്പിയിട്ടു നടക്കുമ്പോൾ ചെയ്തിരുന്നതുപോലെ സംഭരണവസ്തുക്കളോടുകൂടി ചില കള്ളംകൂടങ്ങളും ചാരായക്കുപ്പികളും അതിനു സഹായമായി നല്ലവണ്ണം വറുത്തുപൊരിച്ച കുറേ കരിമീനും അടുത്തുള്ള ചക്കിത്തീയത്തിയുടെ കടയിൽനിന്നും വരുത്തി. സൂര്യൻ അസ്തമിച്ചതോടുകൂടി വീടുതോറും അലഞ്ഞുനടക്കുന്ന പത്തിരുപതു രസികന്മാർ 'മുറിബീഡി'യും ചെവിക്കുടയിൽ തിരികി, തലനട്ടുവേചീകി പാത്തിയുംവെട്ടി, തേച്ചുടുത്ത ഷർട്ടുകളുമിട്ടു കുഞ്ഞൊമ്മിയുടെ പുതിയ തറവാട്ടിൽ സമ്മേളിച്ചു. വേലക്കാർ മാത്രവും, പോത്രവും, കൂട്ടരും, കിട്ടരും വിളമ്പുവാനും ഏല്പിച്ചു. പൊടിപൊടിച്ചൊരു സദ്യ. ഊട്ടിലൂണികളും, ദൂരത്തുള്ളക്കാരുമായ ഈ പുത്തൻ പരിഷ്ക്കാരികൾ കള്ളും ചാരായവും ഇടയിട്ടിടയിട്ടും, മീനും ഇറച്ചിയും ഒന്നിനുശേഷം ഒന്നായും മൂക്കറ്റം പെലുത്തിയതോടുകൂടി പല 'ഏമ്പക്കങ്ങളും പൂരപ്പാട്ടുകളും തകൃതിയായിത്തുടങ്ങി. എന്തൊരു കോലാഹലം! കള്ളിന്റെ മത്തു തലയ്ക്കുപിടിച്ചു ഒരുവൻ അടുത്തുള്ള ഭിത്തിക്കു ഉമ്മകൊടുക്കുമ്പോൾ, മറൊരുവൻ സമീപത്തുള്ള തൂണിൽ തല വിളഞ്ഞോ

ശീലനക്രമത്തെയും മറ്റും പുരസ്കരിച്ചു് ബോഡൻ പൗവ്വൽ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടെന്നു മുൻപു ഞാൻ പറഞ്ഞുവല്ലൊ ഈ ഗ്രന്ഥങ്ങൾ തന്നെയാണു് സ്കൗട്ട പരിശീലനത്തിനായി ലോകം മുഴുവൻ അംഗീകരിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ. ഭൂമുഖത്തു് ഇന്നു് 2,050,000-ൽ പരം സ്കൗട്ട സംഘാംഗങ്ങൾ ഉണ്ടു്. തിരുവിതാംകൂറിലെ സ്കൗട്ട സംഖ്യ 1600 മാണു്.

എന്ന് അടിച്ചുനോക്കുന്നു. മൂന്നാമതൊരുവൻ ഇതുതന്നെ ബീഡിവലിക്കുവാൻ തരമെന്നു കരുതി തീപ്പെട്ടി ഉരച്ചു ബീഡികത്തിക്കുന്നതിനു പകരം മൂക്കറ്റത്തു പിടിപ്പിച്ചു് ആകമാനം മൂക്കുപൊള്ളിച്ചു വായിൽ വരുന്നതെല്ലാം വിളിച്ചുപറയുന്നു. കുഞ്ഞാമ്മിയും ഓട്ടക്കണ്ണു് വട്ടമിട്ട തലകറങ്ങി നിലത്തുവീണരുളുന്നു. ഇടയ്ക്കിടെ ചില വിഡ്ഢിത്തരങ്ങളും എഴുന്നള്ളിക്കുന്നുണ്ടു്. "കുട്നെറവ്", ഫ്റണ്ട്സ്", റോഴി, ആന്ത്", വിസ്സി, ഇൻസൈത്", വെരിഗോയ്", ഫീൽ, പോഴാ, ഴാസ്സൽ, ഞാൻ ഒരു പൂളാഴാ! മണിയെല്ലാം തോഴീം, മിസ്സ്ടീം ത്രീങ്ക്ചെയ്യ പേസ്സാക്കുന്നാടാ! (വന്ദനം, സഖാക്കളേ, കള്ളും ചാരായവും അകത്തു്", വളരെ സന്തോഷം തോന്നുന്നു. പോടാ, തെ....., ഞാൻ ഒരു മൂഢനാടാ! പണമെല്ലാം കള്ളും ചാരായവും കുടിച്ചു, പാഴാക്കുന്നാടാ!) "മുളയിലേ അറിയാം മുളക്കരുത്തു", എന്നു പറഞ്ഞാൽ മതിയല്ലോ.

കുഞ്ഞാമ്മിയുടെ ഗൃഹഭരണം കൂട്ടുകാരുടെ സംസർഗ്ഗംമൂലം സർവ്വപ്രകാരേണയും അനാശാസ്യമായി തീരുമെന്നു നാട്ടുകാക്കും വീട്ടുകാക്കും വെളിവായി, എങ്കിലും കുഞ്ഞാമ്മി അപ്പൻ ജീവിച്ചിരിക്കുമ്പോൾ മക്കളെ പഠിപ്പിക്കുന്നതിലും അതിനായി രണ്ടു കാശു ചെലവു ചെയ്യുന്നതിലും ലുബ്ധനായിരുന്നില്ല. മൂത്തമകൻ അന്തോനിയെ ഇംഗ്ലീഷു ആൺ പള്ളിക്കൂടത്തിലും, കടിഞ്ഞൂൽപുത്രി തങ്കമ്മയെ പെൺ പള്ളിക്കൂത്തിലും, ഓമനപ്പുത്രി പെണ്ണമ്മയെ കന്യാസ്ത്രീമഠത്തിലും പഠിപ്പിക്കുവാനാക്കി. ഇങ്ങനെ കാര്യങ്ങളെല്ലാം ശുഭമായി നടക്കുമ്പോൾ" വലിയ മൂപ്പീന്നു മറിച്ചുതും കാണ്മോപ്പാട്ട കുഞ്ഞാമ്മിക്കു ലഭിച്ചുതും. വലിയകാന്നോരു ജീവിച്ചിരുന്നിടത്തോളം കാലം കുഞ്ഞാമ്മി അപ്പച്ചനെ പേടിച്ചു കള്ളും ചാരയവും മറ്റും അധികം സേവിക്കാതെ കുടുംബജോലികൾ ചെയ്തു അപ്പനെ സഹായിച്ചു ജീവിതം ഏറക്കുറെ നല്ലതായി കഴിച്ചു വന്നു.

എന്നാൽ വലിയ മൂപ്പീന്നിന്റെ കണ്ണടഞ്ഞതോടുകൂടി കുഞ്ഞാമ്മിയുടെ മട്ടെല്ലാം മാറി. അതിന്റെ ആദ്യചിഹ്നമായിരുന്നു കാണ്മോപ്പാട്ട ദീട്ടിയതിന്റെ കോലാഹലവും മറ്റും. ഇതിനെ തുടർന്നു കുഞ്ഞാമ്മിയുടെ വിചാരവും ഉദ്ദേശവും എല്ലാം മാറിത്തുടങ്ങി. ഇഷ്ടന്മാരോടുകൂടി സല്ലപിക്കുന്നതിലും, സന്തോഷിക്കുന്നതിലും, വെടിയും പറഞ്ഞു, വിടിയും വലിച്ചു, കുടിയും നടത്തി, തെറിയും പറഞ്ഞു, നാട്ടം വീട്ടം ചുറ്റി സഞ്ചരിക്കുന്നതിനുമുള്ള മൂപ്പീന്നിന്റെ ഗതിയെല്ലാം. എന്തിനേറെ! കള്ളഷാപ്പുകാരൻ ദിവസം തോറും സന്ദർശിക്കുന്നതിനും, ചക്കിത്തിയത്തിയോടു സഖ്യം പിടിക്കുന്നതിനും, അവളുടെ കള്ളുകുടം ഒഴിക്കുന്നതിനും, മീൻചട്ടി വടിച്ചു നക്കുന്നതിനും, കുഞ്ഞാമ്മി മറ്റു സ്നേഹിതന്മാരോടുകൂടി ചേർന്നു

അതിയായ ആസക്തി കാണിച്ചു തുടങ്ങി. ദിവസം തോറും ആവണിക്കു ഈ കുടിയന്മാരായ തടിയന്മാർ ഷാപ്പിന്റെ വാതുക്കൽ കൂടിയിരുന്നു. ആവണിക്കു ഷാപ്പിൽകയറുന്ന ഈ വിട്ടുവിഡ്ഢികളും, തറവാട്ടുദോഷികളും, വീടിനും നാടിനും, മതത്തിനും, മിസ്സത്തിനും, നാശം ഉണ്ടാക്കിവയ്ക്കുന്ന ഈ ജനദ്രോഹികളും, രാത്രിപത്തുമണിവരെ കള്ളുകുടിച്ചു തലകറങ്ങി, ലഹരിപിടിച്ചു മതിമറന്നു, നീചനിചഭാഷണങ്ങളും നടത്തി, മാനഹീനപ്രവൃത്തികളും ചെയ്തു ഒടുവിൽ കടയിൽ നിന്നും ഒരുപ്രകാരം വെളിക്കിറങ്ങി വഴിയരികിലുള്ള കയ്യാലയ്ക്കൽ കൽമതിലിനും ചുണ്ണാമ്പങ്ങളും കൊടുത്തു, മരത്തിലും, നിരത്തിലും തലകൊണ്ടടിച്ചു, മൂക്കുകൊണ്ടു നിലത്തെഴുതി, ഓട്ടംതുള്ളലും നടത്തി, പരിസരം മുഴുവൻ തുപ്പിനാറ്റിച്ചു, 'വായിൽ വരുന്നതു കോതയ്ക്കുപാട്ട്' എന്നവണ്ണം സർവത്ര പൂരപ്പാട്ടുകളും പാടിവീട്ടിൽ വന്നാശേഷം സാധുസ്ത്രീകളെ അടിതൊട്ടു മുടിവരെ പ്രഹരാദികളേല്പിച്ചു തട്ടിമുട്ടിസാമാനങ്ങളും എല്ലാം അടിച്ചുടച്ചു, പിഞ്ചുകുഞ്ഞുങ്ങളെ നിർദ്ദയം താഡിച്ചു, നാടും വീടും നരകതുല്യമാക്കിത്തീർക്കുന്നവനെ പറഞ്ഞാൽ മതിയല്ലോ. അയ്യോ! കാന്നോത്തി കുഞ്ഞമ്മ! വീട്ടുകാരൻ കൂടിച്ചു വെളിവില്ലാതെ, കൈകാലുകളും കൊണ്ടു താളം പിടിച്ചു, കണ്ണുരണ്ടും ചെമ്പരത്തിപ്പൂപോലെ ചുവന്നു, പടിവാതുക്കൽ സാഷ്ടാംഗപ്രണാമം ചെയ്ത മണ്ണുതിന്നു വീട്ടിലേക്കു വരുമ്പോൾ, പുറത്തു ഇനിയും 'പൊതി' കൊള്ളുവാൻ വഹിയാതെ വാതിലടച്ചു ഉള്ളിൽ ഇരിപ്പാകും. കുഞ്ഞാമ്മിയുടെ ബുദ്ധിയുള്ള വെളിവു നൽകുന്നു! 'എഴീ, പഴയന്തെമോളേ!, കിഴന്നു, ഉഴങ്ങുകാണോ, എന്നാലറിക്കൊണ്ടു', വന്നാ ഉടനെ കൊട്ടക്കും തൊഴിനാലും കതകിനു്! ചീറി പന്നിയെപ്പോലെ കുരച്ചു് പട്ടിയേക്കണക്കു് കുഞ്ഞാമ്മയുടെ കുഴത്തിനു്കൊട്ടക്കും പിടിച്ചു് നാലമ്പു പുറത്തു്; എട്ടക്കും തീക്കൊള്ളി ഒന്നു്,കരിക്കും പെണ്ണുമയുടെ തല ഇതായിമട്ടു്.

ഇപ്രകാരം കയ്യിലിരുന്ന കാശുകൊടുത്തു് വഴിയേപോയ വയ്യാവേലി പത്തിനുരണ്ടു പലിശയ്ക്കു വാങ്ങുക മൂപ്പീനിനു് പതിവായിത്തീർന്നു. ഇങ്ങനെയുള്ള മൂക്കുടിയരോടുകൂടി ജീവിതം എങ്ങിനെയാണു കഴിക്കുക! അവർ തങ്ങൾക്കു മാത്രമല്ല മറവുള്ളവർക്കും ശാരീരികവും ആത്മികവുമായ നാശം വരുത്തുന്നു. ഇതിനൊരു സമാധാനമില്ലെന്നോ ? നാട്ടുകാർ ഇങ്ങനെയുള്ള കുടുംബദ്രോഹികളെ കണക്കിനു നല്ലപാഠം പഠിപ്പിക്കയില്ലെന്നോ ? ദൈവംതന്നെ ഇതു് അനേകനാൾ സമ്മതിക്കുമെന്നോ ?

കുഞ്ഞാമ്മിയുടെ കുടി വർദ്ധിച്ചുവന്നതോടുകൂടി തറവാട്ടുസ്വത്തും താറുമാറായിത്തുടങ്ങി. കള്ളുഷാപ്പിൽ തനിക്കു മാത്രമല്ല മറവുള്ളവർക്കും കുഞ്ഞാമ്മിയാണു് പണം അടയ്ക്കുണ്ടതു്. ചക്കിയേയും കുഞ്ഞാമ്മി ചില

കൈമടക്കുകളും മറ്റും കൊടുത്തു പ്രസാദിപ്പിക്കണം. ഭാര്യയോടും മക്കളോടും. ഉള്ള കുഞ്ഞോമ്മയുടെസ്നേഹംഅടിയ്ക്കടി കുറഞ്ഞു. പള്ളിയും പട്ടക്കാരനും കണ്ടകാലംതന്നെമറന്നു. കാലത്തുമുതൽകള്ളഷാപ്പിൽകയറുന്നതുവരെമൂപ്പിന്നിന്റെവലതുന്നംതന്നെചെയ്യാതെ കുടുംബകാര്യവും നാട്ടുചുറ്റലുമാണ് മൊത്തം. ഒഴുവുവെട്ടിക്കുഷിനടത്തിയിട്ടകൊല്ലം ഇപ്പോൾരണ്ടായി. കപ്പയും കാച്ചിലും, ചേനയുംചീനിയും എല്ലാം കണ്ടകാലം തന്നെ മറന്നു. വീട്ടിലേ ചെലവിനും കാശു കുറവായി. ദിവസം തോറുമുള്ളകള്ളുകടയിലെ ആവശ്യത്തിനു കുഞ്ഞോമ്മിയ്ക്കു പണമില്ലാതായപ്പോൾ വീട്ടിലെ ഉരുപ്പടികൾ ഓരോന്നോരോന്നായി പെറുക്കി വിറ്റും പണയം വച്ചും തുടങ്ങി. കിണ്ടിയും, കിണ്ണവും, ഉരുളിയും ചെമ്പും, ലോട്ടയും മൊന്തയും, എല്ലാംഒന്നൊന്നായിനാട്ടുകടന്നു. ഒടുവിൽ നിലംവാൻതരമില്ലന്നായപ്പോൾ കുഞ്ഞോമ്മയുടെയും കുട്ടികളുടെയും ആഭരണങ്ങളും തന്നെ പണയം വയ്ക്കുവാൻ തുടങ്ങി. കാൽത്തളയും, കാതിലയും, പൂവും കൊളുത്തും, കഴുത്തേലയും, കാതുമാലയും എല്ലാം ചക്കിത്തീയത്തിയുടെ സമ്പാദ്യങ്ങളായിത്തീർന്നു. മാത്രമോ! ഒരിക്കൽ ഗാധുകുഞ്ഞോമ്മയെ പിടിച്ചു മറിച്ചിട്ട് അവളുടെ ഏക ആഭരണമായിരുന്ന 'കുണുക്കു' കൂടി പറിച്ചു കള്ളഷാപ്പിൽ കൊടുത്തു 'വാറു' പിടിച്ചു. ഇതിനിടയിൽ കടവും ധാരാളമുണ്ടായെന്നു പറയേണ്ടതില്ലല്ലോ.

ഇങ്ങനെ കള്ളുകുടിച്ചു, കവിള വീഴ്ത്തു, വിളറിവെളുത്തു, വീടുമുടിച്ചു, നാട്ടുപൊടിച്ചു, കുഞ്ഞോമ്മി 'പടച്ചവനും' പരിഹാരവും ഇല്ലാതെ നെറികെട്ട നടക്കുമ്പോഴാണ് മകന്റെ എഴുത്താണു വന്നതു്.

"പ്രിയ അപ്പച്ചാ, ഞങ്ങൾക്കു അടുത്ത ആഴ്ചയിൽ പരീക്ഷതുടങ്ങും അതിനു മുമ്പായി ബോർഡിങ്ങു ഫീസു അൻപതു രൂപയും, പരീക്ഷഫീസു. ആറു രൂപയും അടച്ചില്ലെങ്കിൽ എന്നെ പരീക്ഷയിൽ ചേർക്കുകയില്ലെന്നു മാത്രമല്ല, പള്ളിക്കൂടത്തിൽ നിന്നും ബോർഡിങ്ങിൽ നിന്നു കൂടെയും പുറത്താക്കുകയും ചെയ്യും. എഴുത്തു കിട്ടിയാലുടനെ അപ്പച്ചൻ പണം അയച്ചില്ലെങ്കിൽ മാനേജരച്ചൻ എന്നെ ടാണ്ടും മുറുക്കി വീട്ടിലേയ്ക്കു് അയയ്ക്കുന്നതാണു്. അയ്യോ അപ്പച്ചാ ദയവു ചെയ്തു പണം അയയ്ക്കുക. താമസിക്കരുതേ. ഇപ്പോൾ എന്റെ പഠനം മുടങ്ങിയാൽ പിന്നെയെങ്ങനെ വല്യപ്പച്ചന്റെ ആഗ്രഹം പോലെ എനിക്കു മരുച്ചനാകുവാൻ സാധിക്കും! അപ്പച്ചാ വേഗം പണം അയയ്ക്കുക. അമാന്തിക്കരുതേ!

അപ്പച്ചനും, അമ്മച്ചിക്കും പെണ്ണമ്മയ്ക്കും സൗഖ്യമെന്നു വിശ്വസിക്കുന്നു. തങ്കമ്മ എനിക്കു ഇന്നലെ ഒരെഴുത്തയച്ചു. അവർക്കു് എന്തോ

കാരണം മൂലം വലിയ മനസ്താപമാണെന്നും പെട്ടെന്നു പള്ളിക്കൂടം വിട്ടു വീട്ടിലേയ്ക്കു് പോരുന്നതാണെന്നും കാണിച്ചിരുന്നു. കായ്യം എന്താണെന്നു എനിക്കു് അറിഞ്ഞുകൂടാ.

എന്നു്, വാത്സല്യ മകൻ

അന്തോനിക്കുഞ്ഞു്.

ഈ എഴുത്തുപൊട്ടിച്ചു വായിച്ചുതീരുന്നതിനുമുൻപായി പട്ടി ഒന്നു കുരച്ചു. കുഞ്ഞോമ്മി തലപൊക്കിനോക്കിയപ്പോൾ ആരെയാണ്കാണുന്നതു്! തന്റെ മൂത്തമകൾ തങ്കമ്മ, പള്ളിക്കൂടംവക ബോർഡിങ്ങിൽ താമസിച്ചു പഠിച്ചിരുന്നകുട്ടി, ആകമാനം വിയത്തൊലിച്ചു, കണ്ണുനീരുംകയ്യുമായി കുഞ്ഞോമ്മിയുടെ മുൻപിൽവന്നുവീണു വാവിട്ടൊരു കരച്ചിൽ! വിങ്ങിവിങ്ങിക്കരയുന്നതോടുകൂടി കണ്ണുനീർ ധാരധാരയായിപൊഴിഞ്ഞു. തങ്കമ്മയുടെമാറിടംമാത്രമല്ല, കുഞ്ഞോമ്മിയുടെ മുട്ടുകുടിയുംനനഞ്ഞു. "മകളെ, തങ്കം! എന്താണു സംഗതി!" എന്നു കുഞ്ഞോമ്മിചോദിച്ചു. "അപ്പച്ചൻ! എനിക്കു മഠത്തിൽ ഇനിയുംതാമസിക്കുവാൻപ്രയാസം, ഞാൻ എങ്ങനെയാണു് ബോർഡിങ്ങിൽ പിച്ചക്കാരിയെപ്പോലെ ജീവിക്കുക! (തങ്കം ഏങ്ങലടിച്ചുകരയുന്നു. കൊഞ്ചയുംധാരാളം) പി–പിള്ളരെല്ലാം എന്നെ 'ക്–കള്ളുകുടിയന്റെ മ–മ–മകളെന്നുവിളിച്ചു ക്–ക്–കളിയാക്കുന്നു'. നിൻറെഅപ്പൻ, ക്–കള്ളുഷാപ്പിലെ ചക്കിയുടെ മീൻചട്ടിവടിച്ചുനക്കി, മൂ–മൂക്കറ്റംകുടിച്ചു, ത–ത–തലകറങ്ങി, മൂ–മൂക്കുകൊണ്ടുനിലത്തെഴുതിനടക്കുന്ന മു–മു–മുക്കുടിയനാണെന്നു ദിക്കെല്ലാംപരന്നിരിക്കുന്നു. എന്നു് പി–പിള്ളരുമാത്രമല്ല (മൂക്കുപിഴിയുന്ന) ക്–ക്–കന്യാസ്ത്രികളുടെയും പരസ്യമായി അറിഞ്ഞിരിക്കുന്നു. ഇങ്ങനെ കള്ളുകുടിച്ചുനടക്കുന്ന അപ്പച്ചനെമുടക്കംചെയ്യണമെന്നു മെത്രാനച്ചൻ കല്പനയും അയച്ചിട്ടുണ്ടു്. അയ്യോ അപ്പച്ചാ! പത്തുപതിനെട്ടുവയസ്സായ ഞാൻ എങ്ങനെ ഈ അപമാനമെല്ലാംസഹിക്കും! പിന്നെ, എന്നെക്കുറിച്ചു നാട്ടുകാർ പറഞ്ഞുകൂട്ടുന്ന അപകീർത്തിയും ഒട്ടുംചില്ലറയല്ല. അയ്യോ! അപ്പച്ചനോടു ഞാൻ അതു എങ്ങനെപറയും! "കള്ളുകുടിയന്റെമകളെ മഠത്തിൽനിർക്കുവാനും എടുക്കയില്ല. കഴുത്തിൽ മാലവയ്ക്കാൻ പൊൻകുരിശുപോലും കിട്ടുകയില്ല. കണ്ടില്ലേ, വയസ്സുപതിനെട്ടായിട്ടും കല്യാണംപറയുവാൻ വല്ലവരുംവരുന്നുണ്ടോ" എന്നിങ്ങനെ ദിക്കെങ്ങുംകൊള്ളാതെകുത്തുന്നതുപോലെ ബോർഡിങ്ങിലും പള്ളിക്കൂടത്തിലുംഎത്തി.

കുഞ്ഞോമ്മി ഇതെല്ലാംകേട്ടു ഒരു നല്ലപാഠംപഠിക്കുന്നതിനുപകരം മൂർഖൻപാമ്പിനെപ്പോലെ ചീറിക്കൊണ്ടു നാടെങ്ങും പൊടിയുംവിധം

അച്ഛന്മാരേയും കന്യാസ്ത്രീകളേയും ആകമാനം ദുഷിച്ചുഒരു കൂരതന്നെ തുടങ്ങി.

"സാധുക്കളുടെ പണമെല്ലാം ശേഖരിച്ചു ഈ നാണംകെട്ടഅച്ഛന്മാരും കന്യാസ്ത്രീകളും സുഖത്തിൽജീവിക്കുന്നു. അവക്ക് ഒന്നിനും കുറവില്ല. പൊടിപറക്കാത്ത ളോഹയുമിട്ട് കണ്ണാടിപോലെമിനുങ്ങുന്ന ചെരിപ്പുംധരിച്ചു, യൂറോപ്യൻതൊപ്പിയുംവച്ചു, കുടവയറും വീർപ്പിച്ചു, ഈ അച്ഛന്മാർക്ക് പള്ളിമേടകളിൽഇരുന്ന സുഖിച്ചാൽപോരെ! ഇവരാണോ ആത്മാക്കളെരക്ഷിക്കണമെന്നും, വേദപ്രചാരം നടത്തണമെന്നുംമറ്റും പറഞ്ഞ് ദിവസംതോറുംപ്രസംഗിക്കുന്നതു്! ഇവരുടെ പുറംകുനിഞ്ഞു ഒരു തുരുമ്പു പോലും നിലത്തുനിന്ന എടുക്കുമോ! ചാരുകസാലയിൽനിന്ന അനങ്ങാൻതന്നെ അവക്ക് പ്രയാസം. മൂന്നുനേരത്തിനുപകരം നാലുനേരം ഊണും കഴിച്ചു, മുരുട്ടും വലിച്ചു്, വീഞ്ഞും കുടിച്ചു, വെടിയും അടിച്ചു് ജീവിക്കുന്ന ഇവരാണോ അച്ഛന്മാരു് ? ഇതും പോരാഞ്ഞിട്ട സാധുക്കളം തേടിയുണ്ടാക്കുന്ന പണമെല്ലാം ശേഖരിച്ചു സ്വന്തമായി മാളികയും മാന്തോപ്പുകളും റബർതോട്ടങ്ങളും മറ്റുമുണ്ടാക്കി ശേഷക്കാക്ക് കൊടുത്തു സുഖിക്കുന്നു. അമ്പമ്പോ! മുമ്മാതാണോ ഇവരേക്കുറിച്ചു ഇപ്പോൾ ലഘുലേഖകളും പത്രങ്ങളും, ചിലതെല്ലാം വിളിച്ചു പറയുന്നതു്! പിന്നെ കന്യാസ്ത്രീകളായ പെണ്ണുങ്ങളുടെ കാര്യം പറയാനുണ്ടോ! അടുക്കളയിൽ, ചട്ടിയും കലവും തേച്ചു, കഞ്ഞിയും കറിയുംമാത്രം വയ്ക്കുവാൻ കൊള്ളാമായിരുന്ന ഈ പെണ്ണുങ്ങളും മഠത്തിൽ കേറിയതോടെ അയ്യയ്യോ എന്തു പറയട്ടെ! നാട്ടുകാക്കും വീട്ടുകാക്കും കിടക്കപ്പൊറുതിയില്ല. അവരുടെ നിഗളത്തിനും പൈശുന്യത്തിനും ഒരതിരുമില്ല. നല്ല വെള്ള ഉടുപ്പും ധരിച്ചു്, തലമുണ്ടും ഇട്ട്, വള്ളിച്ചെരിപ്പും ഇട്ട്, ഒരുകെട്ട കാഞ്ഞിരുപവും കഴുത്തിൽ കോത്തിട്ട ഈവ്യാജതപസ്വിനികൾ അന്യരേക്കുറിച്ചു പറഞ്ഞുകൂട്ടുന്ന കുറങ്ങൾ എത്രമാത്രം ? ഒരുത്തിയുടെ വീട്ടിൽനിന്നും മാസംതോറും അയിനിയും പെട്ടിപ്പലഹാരവും മറ്റും കൊണ്ടുവന്നില്ലെങ്കിൽ കാര്യം തീർന്നു അവരുടെ മഠം ഒരു നരകംതന്നെ. അയ്യയ്യോ! ഈ കന്യാസ്ത്രീകളാണോ തപസ്വിനികൾ! അവർ നിഗളംകൊണ്ടുനിലത്തെങ്ങുമല്ല. സൗന്ദര്യംകുറഞ്ഞ പിള്ളേരേ നോക്കുകയില്ല. സാധുക്കളായ കുട്ടികളെ അടുക്കാതെ മൂരിനിവുത്തും" എന്നിങ്ങനെ വായിൽ വന്നതെല്ലാം തട്ടിവിട്ടപ്പോൾ മകൾ തങ്കമ്മ ലജ്ജകൊണ്ടു ആലിലപോലെ വിറച്ചു കുഞ്ഞോമ്മിയുടെ വാ പൊത്തിക്കൊണ്ടു് "അയ്യോ അപ്പച്ചാ! എന്താണ് അപ്പച്ചൻ പറഞ്ഞുകൂട്ടുന്നതു്! ഇങ്ങനെ ദൈവദൂഷണം പറയരുതേ. ദൈവകോപം അപ്പച്ചന്റെമേലും ഈ കുടുംബത്തിന്റെമേലും വീഴാൻ അപ്പച്ചൻ ഇടയാക്കരുതേ. നമ്മുടെ

ഇപ്പോഴത്തെ അച്ചന്മാരു് എത്രയോ നല്ല അച്ചന്മാരു്? അവർ നമ്മുടെ ഉ
ണ്ണിനായി എത്രമാത്രം പ്രയത്നിക്കുന്നു. പള്ളിക്കൂടങ്ങൾ കെട്ടുന്നു; മാ
ങ്ങളം സ്ഥാപിക്കുന്നു; അനാഥശാലകൾ തുറക്കുന്നു; അനേകതരം കൈവേ
ലകൾ നടത്തുന്നതിനു കരകൗശലശാലകളും ആരംഭിക്കുന്നു. നമ്മുടെ ഇ
ന്നത്തെ അച്ചന്മാരു് സകലസുഖങ്ങളും ത്യജിച്ചു് ഇന്നത്തെ ആത്മാക്കളെ ര
ക്ഷിക്കാൻ അത്യധികം പ്രയത്നിക്കുന്നു. അവരാണോ അപ്പച്ചൻ കസാലയിൽ
ചാരിക്കിടന്നു, മുരട്ടം വലിച്ചു, വെടിയും പറഞ്ഞു, കുടവയറും നിറച്ചു സു
ഖിക്കുന്നതു്! അയ്യോ അപ്പച്ചൻ പരദൂഷണം എത്രയോവലിയ പാപമാകു
ന്നു! അതും ദൈവത്തിന്റെ സ്ഥാനത്തിൽ നില്ക്കുന്ന അച്ചന്മാരേക്കുറി
ച്ചു്. മോസ്സസ്സിനോടു എതിർത്തുസംസാരിച്ച മറിയത്തെ കഷ്ടരോഗത്താൽ
ദൈവം ശിക്ഷിച്ചതും, ദൈവദൂഷണം പറഞ്ഞവരെ ഭൂമിതന്നെ രണ്ടായി
പിളർന്നു വിഴുങ്ങിയതും അപ്പച്ചനു് അറിയാമല്ലോ! നമ്മുടെ അച്ചന്മാരു
ടേയും കന്യാസ്ത്രീകളുടേയും ദൈവഭക്തിയും സഹോദരസ്നേഹവും എത്ര വ
ലുതു്? ഈ മലയാളത്തുനിന്നുതന്നെ ഇരുന്നൂറിൽ അൻപതിലധികം അച്ച
ന്മാരും കന്യാസ്ത്രീകളും ഇന്ത്യയുടെ നാനാഭാഗത്തും മാനസാന്തരവേലയ്ക്കാ
യി പോയിരിക്കുന്നതു് അപ്പച്ചനു് അറിഞ്ഞുകൂടേ! എന്തിനധികം! നമ്മുടെ
പാർച്ചയിൽപെട്ട പാനിക്കുളങ്ങരെ അച്ചനും, കോയിൽ പറമ്പിലച്ചനും
പുത്തൻപുരയിലച്ചനും ഈശോസഭയിൽ ചേർന്നതും അപ്പച്ചൻ കേട്ടില്ലേ.
ഇനിയും എത്ര എത്ര ആളുകളാണു് നമ്മുടെ ഭാരതത്തിന്റെ മാനസാന്ത
രത്തിനായി കച്ചകെട്ടി പുറപ്പെടുവാൻ തയാറായി വരുന്നതു്. ഞങ്ങളുടെ
മഠത്തിൽ സ്ഥാപിച്ചിട്ടുള്ള ജപമാലസ്സഖ്യംമൂലം കന്യാസ്ത്രീകളും
കുട്ടികളും രാപകൽ അവരുടെ സകല പ്രവൃത്തികളും മാനസാന്തരത്തിനാ
യി കാഴ്ചവയ്ക്കുന്ന അയ്യോ ഈ കന്യാസ്ത്രീകളാണോ നിഗളമുള്ളവരെന്നും
അസൂയക്കാരെന്നും അപ്പച്ചൻ പറയുന്നതു്. എനിക്കു രണ്ടുമാസം മൻപു
വയറുകടി വന്നപ്പോൾ എൻറപ്പച്ചാ! രണ്ടു കന്യാസ്ത്രീകൾ മടുക്കാതെ
മാറി മാറി നിന്നു എനിക്കു ശുശ്രൂഷ ചെയ്തു. അവരുടെ എളിമ പ്രവൃത്തിക
ളെ ഞാൻ ഓർമ്മിക്കുമ്പോൾ അവരുടെ കാലിലെ ചൊടി തിന്നുന്നതിനു
പോലും എനിക്കു തോന്നിപ്പോകുന്നു. സാധുകുട്ടികളെ അവർ എത്രമാത്ര
മാണു് കാത്തുസൂക്ഷിക്കുന്നതു്! ചിരങ്ങും ചൊറിയുംപിടിച്ചുമുഷിയിരിക്കുന്നാ
കുട്ടികളെ കഴുകി വെടിപ്പാക്കുന്നതും, അവരുടെ മുണ്ടകം അടിച്ചു നന
യ്ക്കുന്നതും, അവക്കു വേണ്ടവയെല്ലാം സ്വന്ത അമ്മമാരേക്കാൾ പക്ഷത്തോ
ടെ നടത്തുന്നതും കന്യാസ്ത്രീകൾ അല്ലെങ്കിൽ പിന്നെയാരാണു്? ഞങ്ങളുടെ
പള്ളിക്കൂടത്തിൽ എത്ര അനാഥപ്പിള്ളേരെ കന്യാസ്ത്രീകൾ എടുത്തു വള
ർത്തിവരുന്നു! സൗന്ദര്യവും ധനവും ഒന്നുമല്ല അവരെ പരോപകാര പ്രവൃ

ത്തി ചെയ്യുവാൻ പ്രേരിപ്പിക്കുന്നതു്; ഈശോയോടുള്ള സ്നേഹം മാത്രമാണു്. എന്തിനു് ഒരു കൊല്ലംമുഴുവൻ ഒരുകാര്യം കൊട്ടക്കാതെ എന്നോ ബോർഡിങ്ങിൽ താമസിപ്പിച്ചു പഠിപ്പിച്ചതും കന്യാസ്ത്രികളല്ലേ. നമ്മുടെ അന്തോനിച്ചനേയും ഇതുവരെ സൗജന്യമായി പഠിപ്പിക്കുന്നതു അച്ചന്മാരല്ലേ. അതുകൊണ്ടു പ്രിയ അപ്പച്ചാ! അച്ചന്മാരേയും കന്യാസ്ത്രികളേയും കുറിച്ചു കുറേംപറയാതെ നമ്മുടെ സ്വാതന്ത്ര്യത്തെപ്പറ്റിതന്നെ നമുക്കു തിരുത്തുവാൻ നോക്കാം. അപ്പച്ചൻ കർത്താവിനെ ഓർത്തും അപ്പച്ചന്റെ കുഞ്ഞുമക്കളായ ഞങ്ങളെ വിചാരിച്ചും (തങ്കമ്മ അപ്പച്ചന്റെ കൈയ്യും പിടിച്ചു കണ്ണുനീരുകൊണ്ടു കഴുകുന്നു.) അപ്പച്ചന്റെ ശരീരത്തിന്റേയും ആത്മാവിന്റേയും രക്ഷയെ കരുതിയും ഈ കള്ളുകുടി ആദ്യമേ നിറുത്തുക. വെടിയേറ്റ പന്നിപോലെ കുഞ്ഞോമ്മി ഈ അവസാന വാക്കുകൾകേട്ടു ചീറിക്കൊണ്ടു് "എടീ, എന്താടീ, തന്റേടം കൂടിപ്പോയോ! നിന്നെ മഠത്തിൽ വിട്ടതു അപ്പച്ചനെ നല്ലപാഠം പഠിപ്പിക്കാനാണോ? എന്നു പറഞ്ഞു് തങ്കമ്മയുടെ കരണം പുകയുന്ന രണ്ടടി കൊടുത്തു് "ഇന്നു ഞാൻ നമ്മുടെ വികാരി അച്ചനേയും കന്യാസ്ത്രികളേയും ഒന്നു കണ്ടിട്ടേയുള്ളു കാര്യംവേറെ" എന്നാലറിക്കൊണ്ടു മൂപ്പീന്നു വെളിക്കു ചാടി.

"അയ്യോ! അപ്പച്ചാ, വീണ്ടുവിചാരം കൂടാതെ ഒന്നും ചെയ്യരുതേ ഒന്നിനുമേലേ ഒന്നായി നാശം കെട്ടിവയ്ക്കരുതേ. അപ്പച്ചന്റെ ഇപ്പോഴത്തെ നടത്തകൊണ്ടു നമ്മുടെ തറവാട്ടതന്നെ നശിക്കാറായിരിക്കുന്നു, നമുക്കു ചിരട്ടയെടുക്കുവാനും സമയം അടുത്തിരിക്കുന്നു. ഞങ്ങളുടെ പഠിത്തം മുടങ്ങി. അമ്മ എല്ലുംതൊലിയുമായി ക്ഷയരോഗം പിടിച്ചു ചാകാറായിരിക്കുന്നു. പെണ്ണമ്മ തീപ്പ്രാതിയായി. അപ്പച്ചൻതന്നെ വിളറിവെളുത്തു പോരയില്ലാതായിരിക്കുന്നു. ഇതൊന്നും പോരാഞ്ഞിട്ടു നാട്ടുകാരുടെയും വീട്ടുകാരുടെയും ആക്ഷേപവർഷവും. നമ്മുടെ തലയിൽ ഇന്നിയും ദൈവശാപം കൂടി അപ്പച്ചൻ കെട്ടിവയ്ക്കുവാൻ പോകയാണോ എന്നുപറഞ്ഞു കരഞ്ഞുകൊണ്ടു തങ്കമ്മ കുഞ്ഞോമ്മിയുടെ കൈക്കു പിടിച്ചു വലിച്ചു. കുഞ്ഞോമ്മി ഒരു തള്ളുകൊണ്ടു തങ്കമ്മയെ നാലു കരണം മറിയിച്ചു നേരേ കള്ളുഷാപ്പിലേക്കു നടക്കൊണ്ടു. ജാത്യാലുള്ളതു തുത്താൽ പോകുമോ! തഴക്കം വഴക്കമല്ലേ!

മണി ആറായിരുന്നതിനാൽ കള്ളുഷാപ്പിൽ കുട്ടുകാർ കൂടിക്കഴിഞ്ഞു. എല്ലാവരും ചേന്നു ഉടനെ കുഞ്ഞോമ്മി "മാത്തച്ചാ, മാത്തുണ്ണി, ചാക്കോച്ചൂ, കുട്ടരെ, മൂക്കറാം ഇന്നു നമ്മളെങ്കു കൂടിച്ചു നമ്മുടെ വികാരി അച്ചനേയും കന്യാസ്ത്രികളേയും പോയിക്കണ്ടു് അവരോടു രണ്ടു നല്ലവാക്കു പറയണം. കണ്ടില്ലേടാ, എന്റെ ചെറുക്കൻ അന്തോനിയേയും, പെണ്ണ

തങ്കത്തിനേയും പള്ളിക്കുടത്തിൽ നിന്നും ഈ അച്ചമ്മാരും കന്യാസ്ത്രീകളും അടിച്ചു പുറത്താക്കിയതു്! ഞാൻ അവരെ ഒരു നല്ലപാഠം പഠിപ്പിക്കാതെ വിടുമെന്നോ? വരീനെടാ, മക്കളെ, വരീനെടാ, "അങ്ങനെതന്നെ" എന്നു കൂട്ടരും സമ്മതിച്ചു. കള്ളുകുടിയും തകൃതിയായിതുടങ്ങി. കുടിച്ചു കുടിച്ചു തലയ്ക്കു ലഹരി പിടിച്ചതോടുകൂടി അസഭ്യവാക്കുകളും 'ചക്കീ, നീ കള്ളിൽ വെള്ളമൊഴിച്ചു, മീനിനു ഉപ്പില്ല, എന്നിങ്ങനെ കുറ്റാരോപണങ്ങളും തുടങ്ങി. പെട്ടെന്നു ഒരു കോപ്പ മദ്യം കുഞ്ഞോമ്മി വയറിലേയ്ക്കു് ചെലുത്തുവാൻ ശ്രമിക്കയിൽ ചത്തുചീഞ്ഞ ഒരു എട്ടുകാലി, വായിൽ തടഞ്ഞതും കുഞ്ഞോമ്മി കോപം കൊണ്ടു കോപ്പ ചക്കിയുടെ മുഖത്തെറിഞ്ഞതും ഒന്നായികഴിഞ്ഞു. ചക്കിയുടെ ചോവൻ കൊടുത്തു കുഞ്ഞോമ്മിയുടെ ചെവിട്ടിനു രണ്ടു്! ചക്കിയും മടലെടുത്തു കുഞ്ഞോമ്മിയുടെ പുറത്തു് നാലു്! പിന്നത്തെ കോലാഹലം ഒന്നും പറയേണ്ടതില്ല. അടിപിടി അട്ടഹാസം കലശൽ. കുഞ്ഞോമ്മിയുടെ വായിൽ നിന്നും മൂക്കിൽ നിന്നും ചോര നാലുപാടും ചിതറുന്നു. കോപംപൂണ്ടു് പന്നിയെപ്പോലെ ചീറുന്നു. ഒടുവിൽ പിശ്ശാത്തി അരയിൽ നിന്നും. എടുത്തു് ചക്കിയെ കുത്തിമറിക്കാൻ അടുക്കുകയായി. ചക്കിയുടെ ചോവൻ കിട്ടൻ അരക്കെട്ടിൽ നിന്നും തേറെടുത്തു കുഞ്ഞോമ്മിയുടെ കൈയ് ലാക്കാക്കി ഒരു വെട്ടു്. കയ്യറു പിടിവിട്ടു നിലത്തുവീണ കത്തി, കിട്ടന്റെ മകൻ ശങ്കു എടുത്തു കുഞ്ഞോമ്മിയുടെ ചങ്കു ലാക്കാക്കി ഒരു കുത്തു്. സാധുകുഞ്ഞോമ്മി ബോധമറ്റു രക്തത്തിൽ കുളിച്ചു നിലത്തുവീണു. തന്റെ സ്നേഹിതന്മാർ പോയവഴിക്കു പുല്ലില്ല. കിട്ടനും, ചങ്കുവും കുഞ്ഞോമ്മിയെ വലിച്ചിഴച്ചു പെരുവഴിയിൽഎറിയുകയും ചെയ്തു.

അധികാരപത്രം.

മദ്ധ്യസ്ഥൻ മാസികവരിപ്പണം, മാനേജരുടെഒപ്പും ആഫീസുമുദ്രയും ഉള്ളതായ അച്ചടിച്ച അധികാരപത്രവും രസീതുബുക്കുകളുംകൊടുത്തു് ഇവിടെനിന്നും നേരിട്ടയക്കുന്നവരെ അല്ലാതെയാതൊരുത്തരേയും ഏൽപ്പിക്കാൻപാടില്ലെന്നുള്ളവിവരം വീണ്ടും മാന്യവരിക്കാരെ അറിയിച്ചുകൊള്ളുന്നു.

പണംകൊടുക്കുന്നതിനു മുൻപായി മാന്യവരിക്കാർ അധികാരപത്രത്തിലെ വ്യവസ്ഥകൾ വായിച്ചുനോക്കേണ്ടതാകുന്നു.

മാനേജർ.

ജപാപ്പസ്തോലസഖ്യം.

ചങ്ങനാശേരി, കുറവിലങ്ങാട്ട്, പായിപ്പാട്ട്, തുടങ്ങനാട്ട്, ഈ ഇടവകകളിലേയും സെൻറ് ബെർമൻസ് ബോർഡിംഗിലേയും ജപാപ്പസ്തോലസഖ്യാംഗങ്ങളും, ഒക്ടോബർ, നവംബർമാസങ്ങളിൽ ഈശോയുടെ ദിവ്യഹൃദയത്തിനുസമർപ്പിച്ച

സുകൃതഭണ്ഡാരം

1	ദൈവസ്നേഹപ്രകരണം	231796
2	കൊന്തനമസ്കാരം	12109
3	സ്ലീവാപ്പാത	1633
4	ശ്ലൂ. കു. ഉൾക്കൊള്ളൽ	4763
5	അരുപിക്കട്ടത്ത ,,	9964
6	ആത്മശോധന	6558
7	വേലചെയ്തനാഴിക	21621
8	മൗനം അനുഷ്ഠിച്ചമണിക്കൂർ	3032
9	ജ്ഞാനവായന	2999
10	കർബ്ബാന ചൊല്ലിച്ചതു്	15
11	കർബ്ബാന കണ്ടതു്	7370
12	ആശ്രയടക്കങ്ങൾ	3750
13	പ്രായശ്ചിത്തങ്ങൾ	2506
14	ആത്മിക മനോഗുണപ്രവൃത്തി	2770
15	ശാരീരികമനോഗുണപ്രവൃത്തി	2478
16	വിവിധ ജപങ്ങൾ	36585
17	നല്ലവണ്ണം കഴിച്ചുല്ലാസം	2697
18	ദുഃഖാരിഷ്ടതകൾസഹിച്ചതു്	2114
19	പ്രത്യേകദുർഗ്ഗുണവിജയം	1152
20	വി. കു. വീസിത്ത	6931
21	മറവുപുണ്യപ്രവൃത്തികൾ	48705

പ്രത്യേകനിയോഗങ്ങൾ

1	ഇടവകകൾ	31
2	മുഴുവൻ ധ്യാനം	13
3	ദൈവവിളി	44
4	പള്ളിക്കൂടങ്ങൾ	32
5	വിദ്യാത്ഥികൾ	4
6	പരീക്ഷാവിജയം	101
7	കുടുംബങ്ങൾ	77
8	മാതാപിതാക്കന്മാർ	73
9	യുവജനങ്ങൾ	30
10	മക്കൾ	47
11	സഖ്യപ്രോത്സാഹികൾ	53
12	പതിനഞ്ചുടെമനസാന്തരം	37
13	അജ്ഞാനികളുടെ ,,	39
14	ഭൂഷ്ടകത്തോലിക്കരുടെ ,,	79
15	മദ്യപാനികളുടെ ,,	44
16	ശത്രുക്കളുടെ മ്യം	29
17	മരിച്ച വിശ്വാസികൾ	71
18	ഭാഗ്യമരണം	155
19	ഉദ്യോഗം	75
20	പണസഹായം	34
21	പ്രത്യേകമനോഗുണങ്ങൾ	89

N. B. 1. ഓരോമാസത്തിലും ഇപ്രകാരം മാസികയിൽ ചേർക്കാനുള്ള "സുകൃതഭണ്ഡാരത്തിൻെറ" ആകെത്തുക തലേമാസം പതിനഞ്ചാംതീയതിക്കുമുൻപ് ഇവിടെകിട്ടത്തക്കവണ്ണം അയച്ചുതരണമെന്നു് ഓർമ്മിപ്പിച്ചുകൊള്ളുന്നു. ഏതുമാസത്തേതെന്നും ഏതിടവകയിൽനിന്നെന്നുംപ്രത്യേകം കാണിച്ചിരിക്കേണ്ടതാണു്.

2. സുകൃതഭണ്ഡാരമാതൃക അച്ചടിച്ച ഫാറംവേണമെന്നുള്ളവർക്ക് നൂറുക്ക് രണ്ടണ വിലക്കു് മുഖ്യസ്ഥൻ ആപ്പീസിൽനിന്നും കിട്ടുന്നതാണു്.

ജ. അ. സ. കു. ഡ.,
ക. പ, ചങ്ങനാശേരി.

ഫെബ്രുവരി ജനുവരിമാസത്തിൽ ജ. അ. സഖ്യാംഗങ്ങളുടെ പ്രാർത്ഥനാവിഷയം.

ഫ. പൊതുനിയോഗം:- "'ദൈവവിരോധികളുടെയും,' 'ദൈവനിഷേധകരുടേയും" മാനസാന്തരം.

ഏകദേശം മുപ്പതുസംവത്സരങ്ങൾക്കുമുമ്പ്, പീയൂസ്സ് ദശമൻ ഫെബ്രുവരി-4-ാംനു- എഴുതിയ തന്റെ പ്രഥമചാക്രികലേഖനം വഴിയായി ലോകത്തെ, തന്നാശഹേതുകമായ ഒരു കഠിനരോഗത്തെപ്പറ്റി, സൂക്ഷ്മമായി അറിയിക്കയുണ്ടായി. ഇതിന്റെ മൂർദ്ധന്യാവസ്ഥയാകുന്നു നാം ഇപ്പോൾ എവിടേയും കാണുന്ന ദൈവനിരാസം അഥവാ ബോൾഷേവിസം.

തത്കാലത്തെ അപേക്ഷിച്ച് ഇപ്പോൾ ഈ മഹാമാരി വല്ലാതെ പടർന്നു പിടിച്ചിട്ടുണ്ട്. അന്ന് നിരീശ്വരവിദ്യ എന്നൊരു സഖ്യം ഇല്ലായിരുന്നു. ഫെബ്രുവരിലാവട്ടെ നൂറുലക്ഷം അംഗങ്ങളടങ്ങിയ ഒരു സംഘം റഷ്യയിൽ സംസ്ഥാപിക്കപ്പെട്ടു. സർവത്ര നാശകരഫലങ്ങൾ പൊഴിക്കുന്ന ഈ മഹാസ്വഭാവക്ഷത്തിന്റെ മരായയിൽ ഉത്തമവിശ്വാസത്തോടും തദ്രഹിതമായും ആത്മാർത്ഥയിക്കുന്നവരുടെ എണ്ണം ഇന്നു് അനേകമടങ്ങു് വർദ്ധിച്ചു് നാരകീയപ്രഭാവത്തിലൂടെ അതിവേഗം സഞ്ചരിക്കുന്നുണ്ട്. ഫെബ്രുവരിൽ ഇതിന്റെ കേളീരംഗം റഷ്യമാത്രമായിരുന്നു. ഇന്നാവട്ടെ ഇതിന്റെ സ്വാധീനത സർവത്ര വ്യാപിച്ചു് സമസ്തസമുദായത്തേയും "വട്ടക്കൊട്ടയിൽ വെള്ളം കോരിക്കുന്നുണ്ട്."

ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന പീയൂസ് പതിനൊന്നാമൻ ഫെബ്രുവരി മാർച്ചു് മാസം തിയതിയിൽ കർദ്ദിനാൾസംഘത്തോടു് അറിയിച്ചതുപോലെ, ഇക്കൂട്ടർ ദൈവികമായ സർവത്തിന്റേയും വിരോധികളെന്നു്, സ്വയം അഭിമാനിക്കുന്നു. നോക്കുക "സ്വജനാവലിയിൽ ഭൗതികസന്താനങ്ങൾ ദൈവികപുത്രന്മാരെക്കാൾ വിജ്ഞാനമാരാണെന്നു്" നമ്മുടെ ദിവ്യരക്ഷാനാഥൻ അരുളിച്ചെയ്ത വചനങ്ങൾ എത്ര അർത്ഥവത്തായിരിക്കുന്നു. വഴിപിഴച്ച തന്റേടത്തിന്റെയും വഞ്ചനയുടേയും ആസ്ഥാനമാവുന്ന ഈ അസുരഗണങ്ങളുടെ "അതിനിന്ദ്യമായ നിരീശ്വരതായുദ്ധം, മനുഷ്യരെ പിഡിപ്പിക്കുന്നസാമ്പത്തികവും വിപ്ലവപരവുമായ സകല വിപത്തിന്റേയും ക്രൂരവും ഉല്പത്തിയുമാകുന്നു"

നമുക്കു എല്ലാവക്കുംവേണ്ടി ജീവനെ ബലികഴിച്ച ആ നല്ല ആട്ടിടയന്റെ രക്ഷാകരപ്രവൃത്തിയുടെ പത്തൊമ്പതാം ശതവത്സരം ആഘോഷിക്കുന്ന ഈ പവിത്രവത്സരത്തിൽ തന്റെ വികാരി, 'ജനത്തിന്മേൽ അലിവുതോന്നി' നമ്മുടെ ദിവ്യരക്ഷകന്റെ പക്കലേയ്ക്കു തിരിയുന്നതിനും, അതിൽ നിന്നും അനുഗ്രഹപ്രവാഹം ആകർഷിച്ചു്, ദിവ്യപ്രസാദമാർഗ്ഗത്തെ എന്നേക്കുമായി ഉണങ്ങിവരണ്ടുപോകുന്ന അനേകശതം ആത്മാക്കളെ പരിപോഷിപ്പിക്കുന്നതിനും, നമ്മെക്ഷണിക്കുന്നു. ഈ നിർമ്മതമഹാമാരി ക്ഷയിക്കുന്നതിനു് മാത്രമല്ലയിശിഹായുടെ പ്രതിനിധിയായ മാപ്പാപ്പാ ആഗ്രഹിക്കുന്നതു്. പിന്നെയോ നിത്യമായി ഭൂമുഖത്തുനിന്നും ഉന്മൂലനം ചെയ്യപ്പെടുന്നതിനത്രെ. 'മുട്ടുവിൻ തുറക്കപ്പെടും'

ആകയാൽ ഈ മാസത്തിൽ ഈ ഉദ്ദേസാധ്യാത്മം ജപാപ്പസ്തോല ഗണത്തിലേ അംഗങ്ങൾ മുട്ടിപ്പായി പ്രാത്ഥിപ്പാറാകണം.

൨. മിഷ്യൻനിയോഗം: "വിശുദ്ധവത്സരംമുഴുവനും യഹൂദന്മാരുടെ മാനസാന്തരം സാധിക്കുന്നതിനു"

ദിവ്യരക്ഷാകൃത്യത്തിന്റെ പരമോന്നതം ശതാബ്ദവത്സരം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ മാനസികമായിട്ടെങ്കിലും, തെരഞ്ഞെടുക്കപ്പെട്ട നാടിനെ സന്ദർശിക്കുന്ന ഏവനും തൽപൂർവനിവാസികളും ദൈവത്തിന്റെ പ്രത്യേക വാത്സല്യത്തിനു പാത്രീഭൂതരുമായ യഹൂദരുടെ ആധുനിക ദയനീയാവസ്ഥയെപ്പറ്റി ചിന്തിക്കാതിരിപ്പാൻ നിവൃത്തിയില്ല. "ദൈവം മുന്നറിഞ്ഞ ജനത്തെ അവിടുന്നു തള്ളിക്കളഞ്ഞില്ല" (റോമ. ൧൧-൨) എന്നു വിജാതീയാപ്പസ്തോലൻ പറയുന്നതിൽ നിന്നു ആർദ്രമനസ്കനായ ദൈവത്തിന്റെ ഏതൽകാര്യത്തിലുള്ള മനോഭാവവും ഊഹ്യമാണു.

യഹൂദന്മാരുടെ ആകെയുള്ള ജനസംഖ്യ	൧൩,൪൦൦,൦൦൦
ഇതിൽ ഏഷ്യയിലും ആഫ്റിക്കായിലും ആസ്ത്രേലിയായിലുംകൂടി	൧൧൪,൦൦൦
അമേരിക്കയിൽ	൫,൭൪൦,൦൦൦
യൂറോപ്പിൽ	൧൦,൦൦൦,൦൦൦
പലസ്തീനായിൽ	൭൮൯,൦൦൦ അതാവിതു്

അവിടത്തെ നിവാസികളുടെ പത്തിലൊന്നു.

"ഇസ്രായേൽ ഭവനത്തിലേ നഷ്ടപ്പെട്ട ആടുകളുടെ പക്കലേക്കല്ലാതെ ഞാൻ അയക്കപ്പെട്ടിട്ടില്ല" എന്ന പ്രേഷണോദ്ദേശവാക്യങ്ങൾ ദിവ്യജപാലകൻ ആരെ ഉദ്ദേശിച്ചു് അരുളിച്ചെയ്തുവോ ആ ദീനജനതയുടെ മാനസാന്തരത്തിനായി ഏവരും ഈ പരിപാവന വർഷത്തിൽ യഥാസഥിതി അപേക്ഷിപ്പാൻ നിർബന്ധിതരാണു.

കുറിപ്പുകൾ.

മലബാർ അപ്പസ്തോലിക്കായുടെ ആഗമനം:— വിശുദ്ധവത്സരം പ്രമാണിച്ചു് റോമിലുപോയിരുന്ന അത്യുന്നത മലബാർ അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു തിരിച്ചെത്തിയിരിക്കുന്നു. ആദ്യത്തെ ഇൻഡ്യൻതീർത്ഥയാത്രാസംഘം പരിശുദ്ധപിതാവിനു വളരെ ഹൃദ്യമായിരുന്നുവെന്ന വസ്തുത തിരുമനസ്സുകൊണ്ടും സ്ഥിരീകരിക്കുന്നു. ഈ സംഘത്തോടു്, "ഈ വിശുദ്ധ വത്സരത്തിൽ റോമാ സന്ദർശിച്ചതിൽ ഏറ്റം പ്രധാനമായ സംഘം നിങ്ങളുടേതാണു" എന്നു പരിശുദ്ധ പിതാവു് അരുളിച്ചെയ്തതു് പ്രത്യേകം സ്മരണീയമാണു. കൂടാതെ പ. പിതാവും മലബാർ അപ്പസ്തോലിക്കാതിരുമനസ്സും തമ്മിലുണ്ടായ അന്ത്യസന്ദർശനത്തിൽ 'ഇൻഡ്യയിൽനിന്നു ഇനിയും തീർത്ഥയാത്രാസംഘം വരുമോ?' എന്നു പ. പിതാവു് വളരെ ഉൽക്കണ്ഠാപൂർവം ചോദിക്കയുണ്ടായി.

അഫ്ഗാനിസ്ഥാനിൽ കത്തോലിക്കാവൈദികൻ:— കത്തോലിക്കവൈദികർക്കു പ്രവേശനം അനുവദിക്കാതിരുന്ന അഫ്ഗാനിസ്ഥാനിൽ എജിദിയോകസ്പാനി എന്ന കത്തോലിക്കവൈദികൻ മതാനുഷ്ഠാനങ്ങൾ നിർവ്വഹിച്ചുതുടങ്ങിയിട്ട് ഇപ്പോൾ ഏകദേശം ഒരു കൊല്ലത്തോളമായിരിക്കുന്നു. ഇറാലിയൻ പ്രതിനിധിസംഘത്തിന്റെ പുരോഹിതനായ ഇദ്ദേഹം കാബൂളിൽ എത്തിയതു് ഇക്കഴിഞ്ഞ ക്രിസ്തുമസ്സ് ദിനത്തിലാണു്. പരേതനായ നാഡിർ ഷായെ സന്ദർശിക്കുന്നതിനും ഇദ്ദേഹത്തിനു സാധിച്ചിട്ടുണ്ടു്.

തുർക്കി മുതലായ രാജ്യങ്ങളിൽ ക്രിസ്തീയ പ്രേഷിതവൃത്തി മുടക്കിയിട്ടുണ്ടെങ്കിലും അവിടത്തെ ജനങ്ങളുടെ ആവശ്യത്തിനായി വൈദികർതാമസിക്കുന്നതിനു് അനുമതി നൽകാറുണ്ടു്. എന്നാൽ അഫ്ഗാനിസ്ഥാനിൽ ഇതുപോലും അനുവദിച്ചിട്ടില്ല. ഇപ്പോൾ, ഇറാലിയുമായിനടന്ന ഉടമ്പടിപ്രകാരം ഇറാലിയൻ മനിഷ്പത്തിനു് ഒരു പുരോഹിതനെക്കൂടി താമസിപ്പിക്കുവാൻ സമ്മതിച്ചിട്ടുണ്ടു്.

പത്രങ്ങളംവിറ്റിരുന്ന ഒരു ബാലൻ മെത്രാപ്പോലീത്താ ആയതു്:— അമേരിക്കൻ ഐക്യനാടുകളിലേ ഒരു മെത്രാപ്പോലീത്താ ആയ മൊൺസിഞ്ഞോർ മുറേ പത്രവില്പനക്കാരുടെ ഒരു ബാലസംഘത്തോടു ചെയ്ത ഒരു പ്രസംഗത്തിൽ താനും പത്തുവയസ്സിൽ പത്രം വിറ്റാണു് ജീവിതം ആരംഭിച്ചതു് എന്നു പറകയുണ്ടായി. ആദ്യം താൻ അമ്മയോടു 5 പെൻസു കടം വാങ്ങി 13 പത്രംവാങ്ങി. അന്നു കാലത്തുചെയ്ത വേലയുടെ ഫലമായി 5 പെൻസു് അമ്മയ്ക്കു തിരിച്ചുകൊടുത്തതിനു പുറമേ 3 സെൻറു ലാഭിക്കുകയുംചെയ്തു. ഇപ്രകാരം 200 ഡോളർ സമ്പാദിച്ചു് താൻ ഒരു കോളേജിൽ ചേർന്നു.

ഒരു "മന്ത്രവാദ" (മാജിക്ക്) പ്രയോഗം.

ഉമ്മിനിങ്കോസു സഭക്കാരനായ ആൽബർട്ടനാപ്പു് എന്ന വൈദികൻ ഈയിടെ ലണ്ടനിൽവച്ചു "അശുപിസംസർഗ്ഗ" (Spritism) വാദികളുടെ കള്ളത്തരങ്ങളെ പ്രസ്പഷ്ടമാക്കുന്ന ഒരു പ്രസംഗവും, അവരുടെ വിദ്യ അശുപിസംസർഗ്ഗമല്ലാ വെറും "കൺകെട്ടു്" അല്ലെങ്കിൽ 'മാജിക്ക' വിദ്യമാത്രമാണെന്നു്, സ്പഷ്ടമായി തെളിയിച്ച ചില മന്ത്രവാദപ്രയോഗങ്ങളും നടത്തുകയുണ്ടായി. തദവസരത്തിൽ അന്ധകാരനിബിഡമായ ഒരു മുറിയിൽകൂടി പ്രകാശമാനമായ സന്ദേശങ്ങളുടെ ഓടിനടപ്പും തൽപാർശ്വസ്ഥന്മാരുടെ അട്ടഹാസങ്ങളും ആപ്പുവിളികളും തന്റെ ഈ "മന്ത്ര"പ്രയോഗത്തിന്റെ വിജയപ്രഘോഷിണികളായിരുന്നു.

രൂപതാപഞ്ചാംഗം.

ചങ്ങനാശേരി രൂപതവക ഡയറക്ടറിയും കലണ്ടറും അടങ്ങിയ രൂപതാപഞ്ചാംഗം രൂപതയിലേ പലവിവരണങ്ങളോടും സംസ്ഥിതി വിവരക്കണക്കുകളോടും കൂടി അച്ചടിച്ച പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു ഇതിൽ കഴിഞ്ഞ പഞ്ചാംഗങ്ങളെ അപേക്ഷിച്ചു് കൂടുതലായി സർവകലാശാലാ ബിരുദധാരികളുടെ പേരും അവരുടെ ടൈറ്റിലും കൂടി ചേർത്തു കാണുന്നതു് ഉപകാരപ്രദമായിട്ടുണ്ടു് ഈ ശേഖരത്തിൽ ഉൾപ്പെടാത്ത വേറെയും ബിരുദധാരികൾ രൂപതയിലുണ്ടായേക്കാം. ഇതിൽ നിന്നു ബി. എ. പാസ്സായിട്ടുള്ളവർ തന്നെ 402 പേരു് രൂപതയിലുള്ളതായി കാണുന്നു.

സ്കൗട്ടപ്രസ്ഥാനം.

യുവാക്കന്മാരുടെ സാന്മാർഗ്ഗിക പരിശീലനത്തിനും സ്വഭാവ രൂപീകരണത്തിനും ഏറ്റവും പര്യാപ്തമായ ഒരു ഘടകമായിട്ടാണ് വിദ്യാഭ്യാസ വിദഗ്ധന്മാർ ഇന്നു സ്കൗട്ട പ്രസ്ഥാനത്തെ കരുതുന്നതു്, സ്കൗട്ട പ്രസ്ഥാനത്തിന്റെ ഈ വിശിഷ്ടതയെ ലോകമെങ്ങുമുള്ള കത്തോലിക്ക വിദ്യാഭ്യാസ തൽപരന്മാരും ഗ്രഹിച്ചു പ്രവർത്തിക്കുന്നുണ്ടെന്നുള്ളതു്, ലോകത്തിലുള്ള സ്കൗട്ടകാരിൽ ക്രിസ്ത്യാനികളും കത്തോലിക്കായുവാക്കന്മാരാണെന്നുള്ളതിൽ നിന്നു തന്നെ സ്പഷ്ടമാകുന്നുണ്ടു്, നമ്മുടെ മലയാളത്തും സ്കൗട്ടപരിശീലനം വിദ്യാലയങ്ങളിൽ സമാരംഭിക്കപ്പെട്ടിട്ടുണ്ടു്. എന്നാൽ ഇവിടെയുള്ള നമ്മുടെ കത്തോലിക്കസംഘടനകളിൽ ചിലതിലെല്ലാം സ്കൗട്ട പ്രസ്ഥാനത്തിനു പ്രവേശനം സിദ്ധിച്ചിട്ടുണ്ടെങ്കിലും വൈ. എം. സി. ഏ. പോലെയുള്ള ഒരു പ്രൊട്ടസ്റ്റന്റു പ്രസ്ഥാനമാണിതെന്നുള്ള ധാരണയിലോ മറ്റോ ഇതർഹിക്കുന്ന സ്വീകരണം അവയിലൊരിടത്തും ലഭിച്ചതായിട്ടോ ഇതിൽ നിന്നു് എന്തെങ്കിലും പ്രസ്താവ്യമായ ഫലം നമ്മുടെ കത്തോലിക്ക യുവാക്കന്മാർക്കുണ്ടാക്കിക്കൊടുക്കുന്നതായിട്ടോ അറിവില്ല. യൂറോപ്പിലും അമേരിക്കയിലുമുള്ള അനവധി മെത്രാന്മാരും പല കർദ്ദിനാളന്മാരും തന്നെയല്ല; പരിശുദ്ധപിതാവുപോലും കത്തോലിക്കമയമായ സ്കൗട്ട പ്രസ്ഥാനത്തെ അവരുടെ ആശീർവാദങ്ങൾ കൊണ്ടു് പരിപോഷിപ്പിച്ചും പ്രോത്സാഹിപ്പിച്ചും പോരുന്നുണ്ടു്, സ്കൗട്ട പ്രസ്ഥാനത്തിന്റെ ശരിയായ സ്വഭാവവും അതു് എതുവിധത്തിൽ ഉത്തമ കത്തോലിക്ക പരിശീലനം നമ്മുടെ യുവാക്കന്മാർക്കു പ്രദാനം ചെയ്യുന്നതിനുള്ള ഒരുപകരണമായിത്തീരുമെന്നുള്ളതും പൊതുജനങ്ങളേയും വിശേഷിച്ചു വിദ്യാർത്ഥികളേയും ഗ്രഹിപ്പിക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഒരു സ്കൗട്ട ലീഡറായ ശ്രീമാൻ ജോസഫ് കുട്ടമ്മേൽ ഈ ലക്കംമുതൽ എഴുതിത്തുടങ്ങിയിരിക്കുന്ന ലേഖനപരമ്പരയിലേക്കു വായനക്കാരുടെ ശ്രദ്ധയെ പ്രത്യേകം ക്ഷണിച്ചു കൊള്ളുന്നു.

പുസ്തകാഭിപ്രായങ്ങൾ.

1. "ആചാര്യന്മാർ"

വിശുദ്ധഗ്രന്ഥം പഴയനിയമത്തിലേ "പുറപ്പാടു്" പുസ്തകം പുറത്തായിട്ടു് ഉടനേതന്നെ "ആചാര്യന്മാർ" എന്ന ഈ മൂന്നാം സ്തകവും പ്രസിദ്ധപ്പെടുത്തികാണുന്നതിൽ ക. ദി. മ. സ. വിവർത്തകസംഘത്തെ ഞങ്ങളുടെ ഹാർദവമായി അനുമോദിച്ചുകൊള്ളുന്നു. മുൻപ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഗ്രന്ഥങ്ങളിലേയ്ക്കു പോലെ ഇതിലെ വിവർത്തനരീതിയും ശ്രേഷ്ഠവും ക്ലിഷ്ടതൽ പ്രയോജനകരവുമായിട്ടുണ്ടു്. വില 6 ണ.

സെൻറു ജോസഫ് പ്രസ്സു് മാന്നാനം.

2 "ഈശപ്രസാദം"

സിസ്റ്റർ മേരി ബെറിഞ്ഞാ സി. ഡി.

(കലാവിലാസിനി പബ്ലിഷിങ്ങ് ഹൗസ്. തിരുവനന്തപുരം)

ഉദ്ദേശം അഞ്ചുവർഷങ്ങൾക്കുമുമ്പു ശ്രീമതി മേരിജോൺതോട്ടം "ലോകമേയാത്ര"ചൊല്ലി തന്റെ തൂലികയ്ക്കു ചില ഉത്തരാസനങ്ങൾ നൽകിക്കൊണ്ടു കന്യകാലയജീവിതം കൈവരിച്ചകാര്യം സാഹിത്യപ്രണയികൾ മറന്നിരിക്കയില്ല. ആകവയിത്രിയുടെ മൃദുമോഹനഗീതം തുടർന്നുകേൾക്കുവാൻ സാധിക്കാതെ വരുമായെന്നു പലരും ഖേദിക്കുകയുണ്ടായി. എന്നാൽ സന്ന്യാസജീവിതത്തിൽ നിന്നു അനർഘങ്ങളായ പല പാഠങ്ങളും വശമാക്കിക്കൊണ്ടു്, ആദ്ധ്യാത്മികസംസ്കാരത്തിന്റെ പരിപക്വഫലങ്ങളാൽ ആ യുവതികൈരളിയെ ധന്യയാക്കുമെന്നു അനേകംപേർ പ്രതീക്ഷിക്കാതെയുമിരുന്നില്ല.

ഏറെനാളത്തെ മൗനം ഭഞ്ജിച്ചുകൊണ്ടു, ഈ യുവകവയിത്രി ഒരു ചെറിയ ഖണ്ഡകാവ്യം ഇപ്പോൾ രചിച്ചിരിക്കുന്നു. പൂർവപിതാവായ അബ്രാഹം, ദൈവശാസനമനുസരിച്ചു, സ്വപുത്രനെ ബലികഴിക്കുവാൻ സന്നദ്ധനാകുന്നതും, അദ്ദേഹത്തിന്റെ അനുസരണയിൽ സംപ്രീതനായ ദൈവം തന്റെ ദൂതനെ അയച്ചു ആ പുണ്യപുരുഷനെ തടയുന്നതുമാണു് ഈ ഖണ്ഡകാവ്യത്തിലെ പ്രതിപാദ്യവിഷയം. ഏകദേശം ഇതുപോലെയുള്ള ഒരു ബലി തന്നോടും ദൈവം ആവശ്യപ്പെട്ടുവെന്നും, തന്റെ കണ്ണിലുണ്ണിയായ "കവിതാകാമിനി"യെ സംഹരിക്കുന്നതിനായോങ്ങുന്നേരം ദൈവത്തിന്റെ പ്രതിനിധി തന്നെ തടഞ്ഞുവെന്നും കവയിത്രിമുഖവുരയിൽ പ്രസ്താവിച്ചിരിക്കുന്നു. അബ്രാഹമിന്റെ ധീരമായ അനുസരണത്തിനു സമ്മാനമായി സന്താനസമൃദ്ധിയെ ദൈവം വാഗ്ദാനം ചെയ്തതുപോലെ, സിസ്റ്റർ ബെനിഞ്ഞായ്ക്കു് സാഹിത്യസന്താന സമൃദ്ധിക്കായുള്ള വരം ലഭിച്ചിട്ടില്ലെന്നാരറിഞ്ഞു?

വിശുദ്ധഗ്രന്ഥത്തിലേ കഥ, അമിതമായ വർണ്ണനകളും ഭൂഷണങ്ങളുംകൊണ്ടു ഭാരപ്പെടുത്താതെ, മലയാളപദ്യത്തിലേയ്ക്കു വിവർത്തനം ചെയ്യുന്നതിലാണു കവയിത്രി ശ്രദ്ധപതിച്ചുകാണുന്നതു്. ഇസഹാക്കിന്റെ ബാലലീലകൾ, അബ്രാഹമിനു ദൈവശാസന ലഭിച്ചപ്പോൾ ഉണ്ടായ വ്യഥ, പിതാവും പുത്രനും മോറിയായിലേക്കു ചെയ്തയാത്ര, എന്നീഭാഗങ്ങൾ ആകർഷണീയമായ വിധത്തിൽ വർണ്ണിച്ചിട്ടുമുണ്ടു്. കവയിത്രിയുടെ മറ്റു കൃതികളിലെന്നപോലെതന്നെ ഈ ഖണ്ഡകാവ്യത്തിലും കാണുന്ന ലാളിത്യം പ്രശംസാർഹംതന്നെ.

ഉപകാരസ്മരണകൾ.

എന്റെ മകൾ സി. റ്റി. മറിയാമ്മ സ്കോളർഷിപ്പു പരീക്ഷയിൽ ജയിച്ചതിനുപകാരസ്മരണയായി ഒരു രൂപാ അയക്കുന്നു.

ചിറ്റൂത്തറ കുഞ്ഞുതൊമ്മി. പുളിങ്കുന്നു്

വിശുദ്ധ യൌസുപ്പുപിതാവിന്റെയും വിശുദ്ധകൊച്ചുത്രേസ്യായുടെയും മദ്ധ്യസ്ഥതയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനുപകാരസ്മരണ.

ശ്ര 1. ഈപ്പൻ

കർമ്മെലമാതാവിന്റെയും വിശുദ്ധയൌസേപ്പു പിതാവിന്റെയും വിശുദ്ധ കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥതയാൽ എന്റെ അപേക്ഷ സാധിച്ചതിനുപകാരസ്മരണ. ത്രു. I. ഒരുടക്കുന്നൻ. കടപ്പാമറ്റം.

വി. ഗ്രിഗോറിയോസിന്റെയും വി. കൊച്ചുത്രേസ്യായുടേയും മദ്ധ്യസ്ഥാപേക്ഷയാൽ അപകടനിലയെ പ്രാപിച്ചരോഗങ്ങളും സുഖമായതിനും അമലോത്ഭവമാതാവിനോടുള്ള മദ്ധ്യസ്ഥാപേക്ഷയാൽ ഒരു കേസിൽ അനുകൂലമായ ഹൈക്കോർട്ടുവിധിയുണ്ടായതിനും ഉപകാരസ്മരണയായി ഒരു രൂപാ അയക്കുന്നു. ജോസഫ് ററി. കല്ലുകുളം പൊൻകുന്നം

ചരമവാർത്തകൾ.

രൂപതക്കച്ചേരിയിലെ ഒരാലോചനക്കാരനും കാലംചെയ്ത കുര്യാളച്ചേരി മെത്രാനച്ചൻ തിരുമനസ്സിലെ ഭരണകാലം മുതൽ എടത്വാപള്ളിയിലേ വികാരിയുമായിരുന്ന ചങ്ങനാശ്ശേരി ഭദ്രാസനഇടവക ചിറയിൽ പെ. ബ.യോഹന്നാനച്ചനവർകൾ തന്റെ51–ാമത്തെ വയസ്സിൽ അന്ത്യക്രമാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടു ഈ ഡിസംബർ 19-ാം തീയതി നമ്മുടെ കർത്താവിൽ ദീർഘനിദ്ര പ്രാപിച്ചിരിക്കുന്നു. വന്ദ്യനും ഭരണകാര്യവിദഗ്ധനുമായിരുന്ന ഈ വന്ദ്യപുരോഹിതനു നിത്യാനന്ദകുലമുണ്ടാകുന്നതിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

R.I.P.

കുടല്ലൂർ ഇടവക പുതിയടത്തായ ഏറുമാന്നൂർ മരങ്ങാട്ടിക്കാലായിൽ വക്കി ഇട്ടിയവിരാ 70–ാമത്തെ വയസ്സിൽ ഡിസംബർ 1-ാം തീയതി അന്ത്യക്രമാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു പരമഗതി പ്രാപിച്ചിരിക്കുന്നു. ഈ ആളിന്റെ ആത്മാവിനും നിത്യശാന്തി സിദ്ധിക്കുന്നതിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം. R. I. P.

കൂടുതൽ.

1.

CASUS CONSCIENTIAE. *No. 3*

Joannes qui nocte biberat, dubius utrum illud fuerit post mediam noctem, sacram communionem suscepit dicens quod in dubio melior est conditio possidentis. Iterum, alia die, cum communionem suscepturus esset, exiguum sacchari frustulum (sugar) inadvertenter ad os admovit, sed, statim advertens communionem

recipiendam esse, quam citissime expuit quidquid erat in ore. Attamen dubius an aliquid sacchari deglutierit, nihilominus ad sacram mensam accessit, inquiens iterum: in dubio melior est conditio possidentis.

Quaeritur: An bene fecerit Joannes in singulis casibus? Ratio?

2.

ബ. വൈദികരുടെ സ്ഥലംമാറ്റം.

1.	പട്ടർമഠത്തിൽ	ബ. ഗീവറുഗീസച്ചൻ	മുട്ടുചിറ ഫൊ. വികാരി
2.	നാഗസ്രലിൽ	പെ. ബ. വക്കിയച്ചൻ	അതിരമ്പുഴ ഫൊ. വികാരി
3.	അയ്യങ്കാനാൽ	ബ. തോമ്മാച്ചൻ	രാമപുരം ഫൊ. വികാരി
4.	മുറിഞ്ഞകല്ലേൽ	ബ. തോമ്മാച്ചൻ	പ്രവിത്താനം പള്ളി
5	കിഴക്കേടത്തു	ബ. തോമ്മാച്ചൻ	അരുവിത്തുറ പള്ളി ,,
6.	ഓണംകുളത്തു	ബ. യൗസേപ്പച്ചൻ	ഐക്കരച്ചിറ പള്ളി ,,
7.	തൈയ്യിൽ	ബ. യൗസേപ്പച്ചൻ	പാറമ്പുഴ പള്ളി ,,
8.	വേമ്പേനിക്കൽ	ബ. ദേവസ്യാച്ചൻ	വടകര പള്ളി ,,
9.	കുഴുമ്പിൽ	ബ. തോമ്മാച്ചൻ	ഏലഞ്ഞി പള്ളി ,,
10.	മണ്ണനാൽ	ബ. കുഞ്ഞച്ചൻ	കടുത്തുരുത്തി പള്ളി ,,
11.	പുറക്കരിയിൽ	ബ. തോമ്മാച്ചൻ	കുടക്കച്ചിറ പള്ളി ,,
12.	പുതുപ്പറമ്പിൽ	ബ. അബ്രാഹമച്ചൻ	ചിറക്കടവു പള്ളി ,,
13.	നെല്ലുവേലിൽ	ബ. യാക്കോബച്ചൻ	കുരുപ്പള്ളി പള്ളി ,,
14.	മാളിയക്കൽ	ബ. മാത്തുച്ചൻ	വെളിയനാടു പള്ളി ,,
15.	മണ്ണനാൽ (നടുവത്തേട്ടു)	ബ. കുഞ്ഞച്ചൻ	കോതനല്ലൂർ പള്ളി ,,
16.	മണ്ണഞ്ചേരിൽ	ബ. തോമ്മാച്ചൻ	പാളയം പള്ളി ,,
17.	ഏണെക്കാട്ടു	ബ. യൗസേപ്പച്ചൻ	ഉലം പുത്തൻപള്ളി ,,
18.	വെള്ളാപ്പാട്ടു	ബ. മത്തായിഅച്ചൻ	കുരുവനാൽ ,,
19.	ക്രുവള്ളൂർ	ബ. യൗസേപ്പച്ചൻ	മാനത്തൂർ പള്ളി ,,
20.	ആലപ്പാട്ടു	ബ. മത്തായിഅച്ചൻ	മൂഴൂർ പള്ളി ,,
21.	കുടകശ്ശേരിൽ	ബ. അബ്രാഹമച്ചൻ	പാദുവാ പള്ളി ,,
22.	ഓലിക്കൽ	ബ. ഗീവറുഗീസച്ചൻ	ചെറുവാണ്ടൂർപള്ളി ,,
1.	വടക്കേകുറിയാങ്കൽ	ബ. യൗസേപ്പച്ചൻ	തരണങ്ങാനം പള്ളി അസി
2.	പുളിക്കൽ	ബ. കുഞ്ഞാക്കോസച്ചൻ	തത്തമ്പള്ളി ,,
3.	അക്കരക്കളത്തിൽ	ബ. യാക്കോബച്ചൻ	ആലപ്പുഴ കുരി. ,,
4.	ഒളശയിൽ	ബ. പീലിപ്പോസച്ചൻ	നെട്ടംകുന്നം ,,
5.	പൊശ്ശേരിൽ	ബ. ദേവസ്യാച്ചൻ	തുരുത്തി ,,
6.	കളപ്പുരയ്ക്കൽ	ബ. മത്തായിച്ചൻ	മറ്റത്തിപ്പാറ കുരി. ,,

രക്ഷണീയവത്സരം 1934-ലെ പഞ്ചാംഗം.

ജനുവരി

ഞായർ ..		7	14	21	28
തിങ്കൾ ..	1	8	15	22	29
ചൊവ്വാ ..	2	9	16	23	30
ബുധൻ ..	3	10	17	24	31
വ്യാഴം ..	4	11	18	25	
വെള്ളി ..	5	12	19	26	
ശനി ..	6	13	20	27	

ഫെബ്രുവരി

	4	11	18	25
	5	12	19	26
	6	13	20	27
	7	14	21	28
1	8	15	22	
2	9	16	23	
3	10	17	24	

മാർച്ചു്

	4	11	18	25
	5	12	19	26
	6	13	20	27
	7	14	21	28
1	8	15	22	29
2	9	16	23	30
3	10	17	24	31

ഏപ്രിൽ

ഞായർ ..	1	8	15	22	29
തിങ്കൾ ..	2	9	16	23	30
ചൊവ്വാ ..	3	10	17	24	
ബുധൻ ..	4	11	18	25	
വ്യാഴം ..	5	12	19	26	
വെള്ളി ..	6	13	20	27	
ശനി ..	7	14	21	28	

മേയ്

	6	13	20	27	
	7	14	21	28	
1	8	15	22	29	
2	9	16	23	30	
3	10	17	24	31	
4	11	18	25		
5	12	19	26		

ജൂൺ

	3	10	17	24	
	4	11	18	25	
	5	12	19	26	
	6	13	20	27	
	7	14	21	28	
1	8	15	22	29	
2	9	16	23	30	

ജൂലൈ

ഞായർ ..	1	8	15	22	29
തിങ്കൾ ..	2	9	16	23	30
ചൊവ്വാ ..	3	10	17	24	31
ബുധൻ ..	4	11	18	25	
വ്യാഴം ..	5	12	19	26	
വെള്ളി ..	6	13	20	27	
ശനി ..	7	14	21	28	

ആഗസ്ത്ു്

	5	12	19	26	
	6	13	20	27	
	7	14	21	28	
1	8	15	22	29	
2	9	16	23	30	
3	10	17	24	31	
4	11	18	25		

സെപ്തംബർ

30	2	9	16	23	
	3	10	17	24	
	4	11	18	25	
	5	12	19	26	
	6	13	20	27	
	7	14	21	28	
1	8	15	22	29	

ഒക്ടോബർ

ഞായർ ..		7	14	21	28
തിങ്കൾ ..	1	8	15	22	29
ചൊവ്വാ ..	2	9	16	23	30
ബുധൻ ..	3	10	17	24	31
വ്യാഴം ..	4	11	18	25	
വെള്ളി ..	5	12	19	26	
ശനി ..	6	13	20	27	

നവംബർ

	4	11	18	25	
	5	12	19	26	
	6	13	20	27	
	7	14	21	28	
1	8	15	22	29	
2	9	16	23	30	
3	10	17	24		

ഡിസംബർ

30	2	9	16	23	
31	3	10	17	24	
	4	11	18	25	
	5	12	19	26	
	6	13	20	27	
	7	14	21	28	
1	8	15	22	29	

1934-ലെ മാറാവത്തന വിശേഷദിവസങ്ങൾ

മൂന്നോമ്പാരംഭം	ജനു.	22	പന്തക്കുസ്താ മെയ് 20
വലിയനോമ്പ്	ഫെബ്രുവരി	12	ശ്രീതമ്പുരാന്റെ തിരുനാൾ „ 27
ഉയർപ്പ്	ഏപ്രിൽ	1	വി. കുർബാനയുടെ തിരുനാൾ „ 31
സ്വർഗ്ഗാരോഹണം	മെയ്	10	

REG. NO. T. 21.

പഞ്ചാംഗം.

1934 ജനുവരി ധനു–മകരം 1109

ഇം.	മ.			
1	17	തി ✠	ന. ക. ഛേദനാചാരം	വെ
2	18	ചൊ	വേ. എസ്തപ്പാനോസു്	ചു
3	19	ബു	ശ്ലീ. യോഹന്നാൻ	വെ
4	20	വ്യാ	കുത്തിപ്പൈതങ്ങൾ	ചു
5	21	വെ	ദെനഹാ. തലേനാൾ	വെ
6	22	ശ ✠	ന. ക. ദെനഹാ	വെ
7	23	ഞാ ✠	ദെന. ഉ-ാം ഞാ. ദെനഹാ-ക. ഫ. ക.	വെ
8	24	തി	ദെന. എം.	വെ
9	25	ചൊ	ദെന. എം.	വെ
10	26	ബു	ദെന. എം.	വെ
11	27	വ്യാ	ദെന. എം.	വെ
			ശു. ഫൌസ്തീനായുടെ നൊവേന തുടങ്ങുന്നു.	
12	28	വെ	ദെന. എം.	വെ
13	29	ശ	ദെന. എട്ടാം	വെ
14	1	ഞാ ✠	ദെന ഒ-ാം ഞാ ക. ഉ മെ.	പ.
			ഈശോയുടെ എ. ശു. തിരുനാമം	വെ
15	2	തി	മെ. വനവാസ. ഫൊലോസു്	വെ
16	3	ചൊ	പാ. വേ. മർച്ചെല്ലൂസു്	ചു
17	4	ബു	അഖൊ അന്തോനിയോസു്	വെ
18	5	വ്യാ	ശ്ലീ. പത്രോസു് റോമാ സിംഹാസനം	വെ
19	6	വെ	വേ. മരിയേത്ത. ക്ലൂട്ടൻ	ചു
20	7	ശ	വേ. ഫബിയാ. സെബസ്ത്യാനോസും	ചു
21	8	ഞാ ✠	ദെന. ന-ാം ഞാ ഹ. ന ഹ.	പ
			തിരുക്കുട്ടിംബം	വെ
22	9	തി	മൂന്നൊമ്പു് (ഇ. വി.)	രോ
23	10	ചൊ	മൂന്നൊമ്പു് (ഇ. വി.)	രോ
			എ. ഭാ. ക. മറി. വിവാഹം	വെ
24	11	ബു	മൂന്നൊമ്പു് (ഇ. വി. മാതാ ശുദ്ധീകരണം വരെ)	രോ
25	12	വ്യാ	ശ്ലീ. പൗലോ. മനസ്സുതിരിവു്	വെ
26	13	വെ	അ. വേ. പൊലിക്കർപ്പോസു്	ചു
27	14	ശ	അ. മൗ. മല്പാൻ യോ. ക്രിസോസ്തോമു്.	വെ
			ഇന്നു രംഗമുതൽ ഹല്ലേലൊ[illegible] പ്രകാ	
			ആലാഹായും, ലെലിയായ്ക്കു് കാ[illegible] പ്രകാ	
			രം ചെല്ലുന്നു	
28	15	ഞാ ✠	ഒ-ാം ഞാ. ക.	രോ
29	16	തി	അ. മൗ. മല്പാൻ പ്രൂസീസ്ക്കോസു്	വെ
30	17	ചൊ	ക. വേ. മത്തീനാ	ചു
31	18	ബു	പത്രോസു് നൊലാസ്ക്കൊ	വെ

Printed and published by REV. Fr. MATHEW ALAKALAM
at The S. J. O. Press, Changanacherry.